
# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ

മെയ് 2024



## മാറ്റങ്ങൾക്ക് വഴിതെളിക്കുന്ന വിദ്യഭ്യാസം

## നസ്രത്തിലെ ജോസഫ്





# PRESENTATION COLLEGE OF APPLIED SCIENCES

(Affiliated to MG University)

Owned and Managed by the Diocese of Kottapuram

MANANCHERIKUNNU, PUTHENVELIKARA P.O., ERNAKULAM (DIST.) - 683 594, KERALA

**UG Courses (Honours)**

- B.Sc Biotechnology
- B.Sc Microbiology
- B.Sc Psychology
- B.Com Finance & Taxation
- B.Com Co-operation
- B.Com Marketing
- B.A English Language & Literature

B.C.A (with Artificial Intelligence and Machine Learning)

B.Sc MLT (Presentation Centre of Allied Sciences-KUHS)

**PG Courses**

- M.Sc Biotechnology
- M.Sc Microbiology
- M.Sc Biochemistry
- M.Com Finance & Taxation
- Master of Tourism & Travel Management (MTTM)









85898 55675, 94475 78317, 97450 24341, 86062 03104, 80867 87276

www.presentationcollege.ac.in, e-mail : presentationcollege2002@gmail.com



# ഉൾക്കാഴ്ച



ഫാ. ജോജോ പയ്യപ്പിള്ളി
ചീഫ് എഡിറ്റർ

"വിദ്യാഭ്യാസം നൽകൽ എന്നാൽ, സത്യത്തെ അതിന്റെ സമ്പൂർണതയിൽ അവതരിപ്പിക്കലാണ്."
– Pope Francis

**കെ**ട്ടിടത്തിന്റെ പണിനടക്കുന്നതു കാണാൻ ആകാംക്ഷയോടെയാണ് വഴിയാത്രക്കാരൻ അടുത്തുചെന്നത്.

ആദ്യം കണ്ടയാളോടു ചോദിച്ചു: നിങ്ങൾ ഇവിടെ എന്തുചെയ്യുകയാണ്?

"കണ്ടില്ലേ, ഞാൻ കല്ലു ചുമക്കുകയാണ്." മറുപടി ഉടനെ വന്നു.

ചോദ്യം മറ്റൊരാളോട്... മറുപടിയും കിട്ടി: "ഞാൻ സിമന്റ് കൂട്ടുകയാണ്..."

തൃപ്തിയായില്ല യാത്രക്കരന്.

മൂന്നാമതൊരാളോടായി ചോദ്യം. "ഞാൻ വെള്ളംകോരുന്നതു നിങ്ങൾക്കു കാണാൻ പാടില്ലേ..." നീരസത്തോടെ മറുപടി.

സൂക്ഷ്മതയോടെ കൊത്തുപണി ചെയ്യുകയായിരുന്ന ഒരു വൃദ്ധനോടാണ് പിന്നീടു ചോദിച്ചത്:

ഗൗരവം വിടാതെ മറുപടിവന്നു. "ഞാൻ വലിയൊരു കത്തീഡ്രൽ ദൈവാലയം നിർമിച്ചുകൊണ്ടിരിക്കുകയാണ്..."

**കാഴ്ച ഒന്നുതന്നെയെങ്കിലും കാഴ്ചപ്പാടാണു നിർണായകം.** കണ്ണെത്തുന്ന കാഴ്ചകളിൽ മാത്രമായി സ്വയം തളച്ചിടലല്ല വിദ്യാഭ്യാസം. മറിച്ച് ഉൾക്കാഴ്ചകളുടെ അനന്തതകൾ സൂക്ഷിക്കുന്നവരാകാൻ കുഞ്ഞുങ്ങളെ രൂപപ്പെടുത്തലാണ്. എന്തായിത്തീരണം, ആരായിത്തീരണം എന്നുള്ളത് സുപ്രധാനമായ ഒരു തെരഞ്ഞെടുപ്പാണ്. ലക്ഷ്യം എന്താണ് എന്ന് തീരുമാനിച്ചുറപ്പിക്കാൻ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ പരിശീലിപ്പിക്കണം. പിന്നെ

അതിനു വേണ്ടിയുള്ളതാകണം ഒരുക്കങ്ങളും അവരുടെ സ്വപ്നങ്ങളും വഴികളും.

മുൻരാഷ്ട്രപതി എപിജെ അബ്ദുൾ കലാം സാറിന്റെ വാക്കുകൾ :

> **"നിങ്ങൾ ഉറങ്ങുമ്പോൾ കാണുന്നതല്ല സ്വപ്നം; നിങ്ങളെ ഉറങ്ങാൻ അനുവദിക്കാത്തതാകണം നിങ്ങളുടെ സ്വപ്നം."**

ഉയർന്ന ലക്ഷ്യങ്ങളെ സ്വപ്നം കാണാനാകണം നമുക്ക്. എന്നിട്ട് അതിലേക്ക് ഉണർവോടെ യാത്ര ചെയ്യണം. ജീവിതത്തിലെ വിദ്യാഭ്യാസ കാലഘട്ടത്തിന്റെ ഒരു നിർണായക വഴിത്തിരിവിൽ എത്തിനിൽക്കുന്ന നിരവധി വിദ്യാർത്ഥികളുണ്ട്. അടുത്ത ചുവടുവയ്പ്പ് അതിനിർണായകമാണ്.

വിദ്യാഭ്യാസ ജീവിതത്തിലൂടെ കടന്നുപോകുന്നവർ വായിച്ചിരിക്കേണ്ട മനോഹരമായ ഒരു പുസ്തകമാണ് പൗലോ കൊയ്‌ലോയുടെ 'ആൽക്കെമിസ്റ്റ്' എന്ന നോവൽ. സ്വന്തം ലക്ഷ്യം തേടി യാത്രചെ യ്യുന്ന എല്ലാവരേയും പ്രചോദിപ്പി ക്കുന്ന ഒരു വല്ലാത്തൊരു മാസ്മരികത ആ നോവലിലുണ്ട്. ഒരു ലക്ഷ്യമോ സ്വപ്നമോ മനസ്സിൽ കുറിച്ചിട്ടു കഴിഞ്ഞാൽപ്പിന്നെ എങ്ങനെ ആ സ്വപ്നത്തിലേക്ക്, ലക്ഷ്യത്തിലേക്ക് യാത്ര ചെയ്യാമെന്നും വഴിയിലെ പ്രതിബന്ധങ്ങളെയും പ്രയാസങ്ങളെയും എങ്ങനെയൊക്കെ തരണം ചെയ്യാമെന്നും പതിനാറുവയസ്സുകാരനായ കഥാനായകൻ സാന്തിയാഗോയുടെ ജീവിതത്തിലൂടെ നമുക്ക് പറഞ്ഞുതരുന്ന നോവലാണ് ആൽക്കെമിസ്റ്റ്. ലക്ഷ്യം മനസ്സിൽ കുറിച്ചുകഴിഞ്ഞാൽ പിന്നെ അത് നേടുവാൻ വേണ്ടിയുള്ള പരിശ്രമമാകണം. കഠിനധ്യാനം കൊണ്ടു മാത്രമേ ഉയരത്തിലെത്തിച്ചേരാനാകൂ.

*There are no shortcuts to victory.*

*വിജയത്തിലേക്ക് കുറുക്കുവഴികളില്ല.*
*കഠിനാധ്വാനം മാത്രമാണ് അതിലേക്കുള്ള ഏകവഴി.*



## അഭിനന്ദനങ്ങൾ...



**ബ്രദർ ലിജോ ക്രിസ്റ്റി, ബ്രദർ ഐബിൻ തദേവൂസ്,**
**ബ്രദർ അബിൻ ആന്റണി, ബ്രദർ ജെറിൻ ജോർജ്ജ്**

**ദിദിമോസ് കുടുംബം**

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ          മെയ് 2024



**രക്ഷാധികാരി**

റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

**ചീഫ് എഡിറ്റർ**

ഫാ. ജോജോ പയ്യപ്പിള്ളി

**സബ് എഡിറ്റേഴ്സ്**

ഫാ. എബ്നേസർ ആന്റണി കാട്ടിപ്പറമ്പിൽ

ഫാ. നിഖിൽ ജോർജ്ജ് മുട്ടിക്കൽ

**അസോസിയേറ്റ് എഡിറ്റേഴ്സ്**

ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ

ശ്രീ. ടൈറ്റസ് ഗോതുരുത്ത്

**മാനേജിംഗ് എഡിറ്റർ**

ഫാ. സിജോ വേലിക്കകത്തോട്ട്

**സർക്കുലേഷൻ മാനേജർ**

ഫാ. നിമേഷ് കാട്ടാശ്ശേരി

**പത്രാധിപ സമിതി**

ഫാ. ലിജോ മാത്യു താണിപ്പിള്ളി

ശ്രീ. സിപി പള്ളിപ്പുറം

ശ്രീ. ജോയ് ഗോതുരുത്ത്

ശ്രീ. ജോസഫ് പനക്കൽ

**ഡി. ടി. പി.**

ശ്രീമതി നിഷ സോജൻ



എഡിറ്റർ, ദിദിമോസ്, വികാസ്,

കോട്ടപ്പുറം – 680 667

ഫോൺ : 0480 2807678

didimoskottapuram@gmail.com


## താളുകളിൽ


പൈതൃകാമുഖം

**വിദ്യാഭ്യാസം ഒരു തപസ്യ** ........ 4

**മാറ്റങ്ങൾക്ക് വഴിതെളിക്കുന്ന വിദ്യഭ്യാസം** ........ 5

**നസ്രത്തിലെ ജോസഫ്** ........ 9

കവിത

**സ്വർണ്ണച്ചിറക്** ........ 11

കുറുപ്പ്

**യുദ്ധകല** ........ 12

നോട്ടം

**എന്റെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണം** ........ 15

കവിത

**കരുതലിൻ അമ്മ.** ........ 16

**പ്രചോദനക്കുറിപ്പ്** ........ 17

കത്തോലിക്കാസഭയെ അറിയാം, പഠിക്കാം

**സ്വിസ് ഗാർഡുകൾ** ........ 19

**വാഴ്ത്തപ്പെട്ട മദർ മരിയ തെരേസ സ്ക്രില്ലി** ........ 21

അയൽക്കൂട്ടം

**നാം പ്രകാശത്തിന്റെ പോരാളികൾ** ........ 24


**വാർത്തകൾ** ........ 26

പിൻമൊഴി

**ചെന്നായുടെ വായിൽ തലവച്ചു കൊടുക്കണമോ?** .... 31

**പിതാവിന്റെ ഡയറി** ........ 32



# വിദ്യാഭ്യാസം ഒരു തപസ്യ



**ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ**
കോട്ടപ്പുറം രൂപതാമെത്രാൻ

**വി**ദ്യാഭ്യാസത്തെ നിർവ്വചിക്കുന്നത് സ്വയമായും മറ്റുള്ളവരുടെ സഹായത്തോടെയും അറിവും മൂല്യങ്ങളും ശീലങ്ങളും നേടിയെടുക്കുന്ന വൈദഗ്ദ്യമെന്നാണ്. ഒരു മനുഷ്യജീവിതം മുഴുവനുമെടുത്ത് നിർവ്വഹിക്കുന്ന ഈ പ്രക്രിയയിലൂടെ താൻ ആരാണെന്നും തനിക്കു ചുറ്റും എന്താണ് നടക്കുന്നതെന്നും മനസ്സിലാക്കി സമൂഹവുമായി ഇണങ്ങിച്ചേരുവാൻ പ്രാപ്തനാ(യാ)ക്കുന്നു. മനുഷ്യനെക്കുറിച്ചും ലോകത്തെക്കുറിച്ചുമുള്ള അറിവിന് വിജ്ഞാനമെന്നും, ദൈവത്തെക്കുറിച്ചുള്ള അറിവിന് ജ്ഞാനമെന്നും പറയുന്നു. വൈദഗ്ദ്യവും മൂല്യങ്ങളും ശീലങ്ങളുമൊക്കെ നാം നേടിയെടുക്കുന്നത് നാം ആയിരിക്കുന്ന ഇടങ്ങളിൽ നിന്നും മറ്റുള്ളവരുമായുള്ള ഇടപെടലിലൂടെയുമാണ്.

ഭാഷാപഠനവും ശാസ്ത്രപഠനവും കണക്കുപഠനവും ലോകവുമായും വ്യക്തികളുമായും സംവദിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു. എന്നാൽ അതോടൊപ്പം മൗനങ്ങളുടെ ഉള്ളിലേക്കുള്ള ഒരു തീർത്ഥയാത്രയിലൂടെ നമ്മുടെ ഉള്ളിന്റെ ഉള്ളിലുള്ള നിർമ്മലതയും ശാന്തതയും തിരിച്ചറിയുന്നു. ഒരു യഥാർത്ഥ അദ്ധ്യാപകനായി നമുക്കുള്ളത് ശിഷ്യന്മാരെ 3 വർഷം കൊണ്ട് പരുവപ്പെടുത്തിയ ഈശോയാണ്.

അപ്പം വർദ്ധിപ്പിക്കുന്നതിന്റെ വിവരണത്തിൽ ഈശോ കണ്ണുകളുയർത്തി നോക്കിയപ്പോൾ ഒരു വലിയ ജനതതി തന്റെ അടുത്തേക്കു വരുന്നതുകണ്ടു (യോഹ. 6:1-15) എന്നു പറയുന്ന ഭാഗത്തെ വിദ്യാഭ്യാസവുമായി താരതമ്യം ചെയ്യുമ്പോൾ ജിജ്ഞാസയോടെ, കൗതുകത്തോടെ യേശുവിന്റെ സാമീപ്യം തേടുന്ന ജനക്കൂട്ടത്തെ പഠനത്തിനായി ദാഹിക്കുന്ന വിദ്യാഭിക്ഷുക്കളോട് ചേർത്തുവയ്ക്കാം. ഭക്ഷിക്കുകയെന്നു പറഞ്ഞാൽ ഒരു ബൗദ്ധിക വിശപ്പിന്റെയും ശമനമായി (എസക്കിയേൽ 3:1-3) കാണുവാൻ സാധിക്കും. അഞ്ചു ബാർലിയപ്പവും രണ്ടു മീനും കൈവശമുള്ള ഒരു ബാലൻ ഇവിടെയുണ്ടെന്ന് പറയുന്നിടത്ത് യേശു പറയുന്നത് പുല്ലു തഴച്ചു വളർന്നിരുന്ന ആ സ്ഥലത്ത് ജനക്കൂട്ടത്തെ ഭക്ഷണത്തിന് ഇരുത്തുവാനാണ്.

ഇതിൽ നിന്നും ഉരുത്തിരിയുന്ന മൂന്നു പാഠങ്ങൾ : *ഒന്നാമതായി* അത്ഭുതം നടക്കണമെങ്കിൽ ബൗദ്ധികമായ വിശപ്പുള്ള അന്വേഷണകുതുകികളായ മനുഷ്യർ ഉണ്ടാവണം. *രണ്ടാമതായി,* ചെറിയ മനുഷ്യരാണെങ്കിൽപ്പോലും അവരുടെ കയ്യിലും ചെറിയ സ്രോതസ്സുകൾ കാണുമെന്നും അവരെയും ആശ്രയിച്ചാൽ അത്ഭുതങ്ങൾ നീർച്ചാലാവും. *മൂന്നാമതായി,* സാധ്യമായ പച്ചപ്പുൽപ്പുറങ്ങൾ എല്ലായിടത്തുമുണ്ട്. അവയെ കണ്ടെത്തുവാനും അവിടെ ജനങ്ങളെ ഇരുത്തുവാനും ഒരു കൂട്ടായശ്രമം ആവശ്യമാണ്. ഇവ ചെയ്താൽ സമൃദ്ധിയുടെ അപ്പക്കഷണങ്ങൾ നിറഞ്ഞ പാത്രങ്ങൾ നമുക്ക് ശേഖരിക്കുവാൻ സാധിക്കും. വിദ്യാഭ്യാസം ദൈവത്തെയും മനുഷ്യരെയും ചേർത്തുപിടിക്കുവാനുള്ള വലിയ ദൈവവിളിയാണ്.

*"മകനേ, ചെറുപ്പംമുതലേ ജ്ഞാനോപദേശം തേടുക; വാർദ്ധക്യത്തിലും നീ ജ്ഞാനം സമ്പാദിച്ചുകൊണ്ടിരിക്കും."*
പ്രഭാഷകൻ 6 : 18

# മാറ്റങ്ങൾക്ക് വഴിതെളിക്കുന്ന വിദ്യാഭ്യാസം

ഭാഗം : 1

## വിദ്യാഭ്യാസദർശനം

### ഈശോസഭ പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിൽ





ഫാ. ബെന്നി ചിറമ്മേൽ

**2**023 ഡിസംബർ ഒന്നിന് ഔട്ട്ലുക്ക് മാഗസിൻ പ്രസിദ്ധീകരിച്ച ദേബാനി ദാസ് എഴുതിയ ദ മാജിക് ഓഫ് മാജിസ് എന്ന ലേഖനം ഇന്ത്യയിലെ നിരവധി വായനക്കാരുടെ ശ്രദ്ധ ആകർഷിച്ചു. ലോകത്തിലെ വിദ്യാഭ്യാസത്തിന് സൊസൈറ്റി ഓഫ് ജീസസ് അഥവാ ജെസ്യൂട്ടുകൾ (Jesuits) നൽകിയ സംഭാവനകളെക്കുറിച്ചായിരുന്നു അത്. കോട്ടപ്പുറം രൂപതയിൽ പ്രവർത്തിക്കുന്ന ഒരേയൊരു ഈശോസഭക്കാരൻ എന്ന നിലയിൽ ഈ ലേഖനത്തിന്റെ പശ്ചാത്തലത്തിൽ എന്റെ ചില ചിന്തകൾ പങ്കുവെക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഓർമ്മകളാണ് നമ്മളെ നമ്മൾ ആക്കുന്നത്. ഈ വർഷം എന്റെ സ്വന്തം രൂപതയിൽ ജോലി ചെയ്യാനുള്ള സാധ്യതയെക്കുറിച്ച് ഞാൻ ചിന്തിക്കുമ്പോൾ, ചരിത്രത്തിന്റെ പല പ്രധാനപ്പെട്ട എപ്പിസോഡുകൾ എന്റെ ഓർമ്മയിലേക്ക് ഓടിയെത്തി. വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ മിഷനറി യാത്രകളെക്കുറിച്ചുള്ള ഷുഹാമറിന്റെ പുസ്തകത്തിൽ വരച്ച കോട്ടപ്പുറത്തെ കായലിലൂടെയുള്ള മിഷനറി യാത്രയാണ് ആദ്യം എന്റെ ഓർമ്മയിൽ വന്നത്. **വിശുദ്ധ ഫ്രാൻസിസ് സേവ്യർ, വിശുദ്ധ ജോൺ ബ്രിട്ടോ, ഫാ. ജോസഫ് കോൺസ്റ്റന്റൈൻ, വിശുദ്ധ ബെസ്കി, അർണോസ് പാതിരി** എന്നിവരെല്ലാം തൃശൂർ ജില്ലയിലെ സമ്പാളൂരിൽ എത്തിയ പ്രമുഖ വൈദികരാണ്. കരയും ജലാശയങ്ങളും പ്രത്യേകിച്ച് അറബിക്കടലും എല്ലാം ഈ ജെസ്യൂട്ട് പയനിയർമാരുടെ മിഷനറി യാത്രകളുടെയും വിദ്യാഭ്യാസ ശ്രമങ്ങളുടെയും ഒഴിവാക്കാനാവാത്ത ഭാഗമാണ്; അവരിൽ ആദ്യം എത്തിയത് വിശുദ്ധ ഫ്രാൻസിസ് സേവ്യർ ആയിരുന്നു.

ലോകത്തിലെ വിദ്യാഭ്യാസരംഗത്ത് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ഒന്നാണ് സൊസൈറ്റി ഓഫ് ജീസസ് അഥവാ ഈശോസഭ. പ്രത്യേകിച്ചും ഇന്ത്യയിൽ, രാഷ്ട്രനിർമ്മാണത്തിൽ ഈശോസഭ ഒരു പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. സ്വന്തം മേഖലകളിൽ സമൂഹത്തിന്റെ പുരോഗതിക്കായി അർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന ചിന്താധാരകൾക്ക് നേതൃത്വം കൊടുക്കുന്ന നേതാക്കളെയും വ്യവസായ മേധാവികളെയും പൗരന്മാരെയും സൃഷ്ടിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്ത സംരഭങ്ങളിലൊന്നാണ് ജെസ്യൂട്ട് വിദ്യാഭ്യാസം എന്നത് നിസ്സംശയം പറയാം. ഇന്ത്യയിലെ ജെസ്യൂട്ടുകളുടെ ഏറ്റവും മികച്ച സംഭാവന മാനേജ്മെന്റ് വിദ്യാഭ്യാസത്തിനുള്ള അവരുടെ സംഭാവനയാണെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും, പരിവർത്തനത്തിനായുള്ള അടിസ്ഥാന വിദ്യാഭ്യാസം അതിലും വലിയ സംഭാവനയാണെന്ന് ഞാൻ വിശ്വസിക്കുന്നു, അത് അനൗപചാരിക ഇടപെടലുകളിലൂടെയാണ്. കേരളത്തിലെ തീരദേശ

ഇടവകകളുടെ എണ്ണം രണ്ടാമത്തേതിലേക്കാണ് വിരൽ ചൂണ്ടുന്നത്. അത്തരം ഇടപെടലുകൾക്ക് തുടക്കമിടുന്നതിലും നിലനിർത്തുന്നതിലും മറ്റ് നിരവധി സന്ന്യാസ സഭകളുടെയും പ്രാദേശിക വൈദികരുടെയും സംഭാവനയുണ്ട്.

76 വർഷം മുമ്പ് സ്വാതന്ത്ര്യം നേടിയതോടെ ഇന്ത്യ അതിന്റേതായ വലിയ വെല്ലുവിളികളുമായി ഒരു പുതിയ യുഗത്തിലേക്ക് കാലെടുത്തുവച്ചു. ഭക്ഷണം, വസ്ത്രം, ആരോഗ്യ സംരക്ഷണം എന്നിവയുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനു പുറമേ, ഭരണഘടന വിഭാവനം ചെയ്യുന്ന ക്ഷേമരാഷ്ട്രമായി മാറുന്നതിന് ഇന്ത്യ സമ്പദ്‌വ്യവസ്ഥയെ വളർത്തേണ്ടതുണ്ടായിരുന്നു. വളർന്നുവരുന്ന രാഷ്ട്രത്തിന് അതിന്റെ യഥാർത്ഥ കഴിവുകൾ നേടാനുള്ള ഏക മാർഗം വിദ്യാഭ്യാസമാണെന്നും വിദ്യാഭ്യാസത്തിന് മാത്രമേ ഭാവി വളർച്ചയെ നയിക്കാൻ കഴിയൂവെന്നും സ്ഥാപക പിതാക്കന്മാർക്ക് അറിയാമായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം ഒരു അടിസ്ഥാന ആവശ്യവും മൗലികാവകാശവുമായിരുന്നു, എങ്കിലും ഇപ്പോഴും ഉന്നത വിദ്യാഭ്യാസവും രാഷ്ട്രനിർമ്മാണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച പ്രത്യേക വിദ്യാഭ്യാസവും ആവശ്യമാണ്.



അതിശയോക്തിയില്ലാതെ, ഇന്ത്യയെ ബോധവൽക്കരിക്കുന്നതിനുള്ള ഈ പ്രേരണയുടെ ഏറ്റവും വലിയ ഏജന്റുകളിലൊന്ന് സൊസൈറ്റി ഓഫ് ജീസസ് ആയിരുന്നു. ഈ വസ്തുത അവിശ്വസനീയമാണെന്ന് തോന്നുന്നുവെങ്കിൽ, ഒരു വാക്ക് എല്ലാ സംശയങ്ങളും മാറ്റിവയ്ക്കും. അതാണ് 'സേവ്യേഴ്സ്'. സേവ്യറിന്റെ മിക്കവാറും എല്ലാ സ്ഥാപനങ്ങളും ജെസ്യൂട്ടുകളാണ് നടത്തുന്നത്; **സൊസൈറ്റി ഓഫ് ജീസസ് സ്ഥാപകനായ ലയോളയിലെ ഇഗ്നേഷ്യസിന്റെ ശിഷ്യനായ ഫ്രാൻസിസ് സേവ്യറിന്റെ പേരിലാണ് ഇവ അറിയപ്പെടുന്നത്.** ഇന്ത്യയിലുടനീളം, 'സേവിയേഴ്സ്' എന്ന വാക്കിന് ഗുണമേന്മയുള്ള വിദ്യാഭ്യാസം, സമഗ്രമായ വ്യക്തിഗത വളർച്ച, അഭിമാനിക്കാവുന്ന ഒരു പൈതൃകം എന്നിങ്ങനെ അർത്ഥം വന്നിരിക്കുന്നു. ഈ വാക്ക് നേട്ടത്തിന്റെയും മികച്ച ഭാവിയുടെ പ്രതീക്ഷയുടെയും പര്യായമായി മാറിയിരിക്കുന്നു.

സൊസൈറ്റി ഓഫ് ജീസസ് എന്ന സംഘടനയിൽ ഇന്ത്യക്ക് ഒരു പ്രമുഖ സ്ഥാനമുണ്ട്, തിരിച്ചും. ലയോളയിലെ ഇഗ്നേഷ്യസ് ഫ്രാൻസിസ് സേവ്യറിനെ അയച്ചത് ഇവിടെയാണ്. 1542 മുതൽ 1552 വരെ അദ്ദേഹം ഇന്ത്യയിൽ പ്രവർത്തിച്ചു- സേവേറിയൻ ദശകം. ഇതാണ് ഇന്നത്തെ ഇന്ത്യയിലെ പ്രമുഖ സ്ഥാപനങ്ങൾക്ക് അടിത്തറ പാകിയത്. സെന്റ് ഫ്രാൻസിസ് സേവ്യർ 1543-ൽ ഗോവയിലെ ആദ്യത്തെ ജെസ്യൂട്ട് സ്ഥാപനമായ സെന്റ് പോൾസ് കോളേജ് ആരംഭിച്ചു. ഇന്ന് സെന്റ് പോൾസ് ഒരു ചരിത്രരേഖയല്ലാതെ മറ്റൊന്നുമല്ലെങ്കിലും, ജെസ്യൂട്ടുകൾ നടത്തുന്ന നൂറുകണക്കിന് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മുൻഗാമിയായിരുന്നു അത്. *സമ്പാളൂരിലെ സെന്റ് പോൾസ് കോളേജും അതിന്റെ ഒരു പകർപ്പായിരുന്നു.*



"താത്പര്യപൂർവം ശ്രദ്ധിച്ചാൽ അറിവു ലഭിക്കും;
ഏകാഗ്രചിത്തൻ വിവേകിയാകും."
പ്രഭാഷകൻ 6 : 33

ലോകത്തെവിടെയും, ഒരു ജെസ്യൂട്ട് സ്ഥാപനം വ്യക്തിഗത പരിവർത്തനത്തിന്റെ അന്തരീക്ഷത്തിൽ ഗുണനിലവാരമുള്ള മതേതര വിദ്യാഭ്യാസം നൽകുന്നു, ധാർമ്മിക മൂല്യങ്ങൾക്കും സമഗ്രമായ വികസനത്തിനും അടിത്തറയിടുന്നു.

**ജെസ്യൂട്ടുകളെ അവരുടെ ദൗത്യത്തിൽ നിലനിർത്തുന്നത് എന്താണ്? ഒരുപക്ഷേ, അത് മാനവികതയുടെ ആത്മാവാണ്.** ഇത് മാനവികതയുടെ നന്മയെ സ്ഥിരീകരിക്കുകയും ഫ്രാൻസിസ് മാർപാപ്പയുടെ മാതൃകയിൽ അതിനെ അപലപിക്കുന്നതിൽ നിന്ന് നമ്മെ തടയുകയും ചെയ്യുന്നു. മനുഷ്യന്റെ എല്ലാ അറിവുകളും നേട്ടങ്ങളും ദൈവത്തിന്റെയും ജനങ്ങളുടെയും സേവനത്തിന് ഉപയോഗിക്കാനുള്ള ഈശോസഭയുടെ സന്നദ്ധത ശ്രദ്ധേയമാണ്. മറ്റൊരു ജെസ്യൂട്ട് സ്വഭാവം വഴക്കവും ഉയർന്നുവരുന്ന സാഹചര്യങ്ങളുമായി പൊരുത്തപ്പെടാനുള്ള സന്നദ്ധതയുമാണ്. പാപത്തിന്റെ കാര്യത്തിൽ മാത്രം കർക്കശക്കാരും വിട്ടുവീഴ്ചയില്ലാത്തവരുമാകാനാണ് ജെസ്യൂട്ടുകളെ പഠിപ്പിക്കുന്നത്. ബാഹ്യജീവിതത്തിലും അവരുടെ ദൗത്യത്തിലെ രീതികൾ തിരഞ്ഞെടുക്കുന്നതിലും വ്യക്തിഗത സർഗ്ഗാത്മകതയ്ക്ക് പരമാവധി സ്വാതന്ത്ര്യം നൽകുമ്പോൾ തന്നെ കർശനമായ ആന്തരിക അച്ചടക്കം പാലിക്കാൻ ജെസ്യൂട്ടുകളെ പ്രോത്സാഹിപ്പിക്കുന്നു. അവസാനമായി, ഏറ്റെടുക്കുന്ന എല്ലാ കാര്യങ്ങളിലും ഒരാളുടെ ഏറ്റവും മികച്ചത് ചെയ്യുന്ന ഒരു പ്രത്യേക സ്വഭാവമുണ്ട്. വ്യക്തികൾ എന്ന നിലയിലും ഒരു സമൂഹമെന്ന നിലയിലും ജെസ്യൂട്ടുകൾ പരിശ്രമിക്കുന്ന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് മഹത്തായത്, ഉയർന്നത് അല്ലെങ്കിൽ കൂടുതൽ എന്നർത്ഥം വരുന്ന മാജിസ് എന്ന വാക്ക് പതിവായി ഉപയോഗിക്കുന്നതിലൂടെ ഇത് പ്രകടിപ്പിക്കപ്പെടുന്നു. അവരുടെ പഴക്കമുള്ളതും എന്നാൽ ശാശ്വതമായി പുതിയതുമായ മുദ്രാവാക്യം, കൂടുതൽ ആളുകൾക്ക് കൂടുതൽ ഗുണം ചെയ്യുക എന്നതാണ്.

**വിദ്യാഭ്യാസം വിദ്യാർത്ഥികളെ പക്വതയുള്ള, ആത്മീയ-അധിഷ്ഠിത സ്വഭാവമുള്ള വ്യക്തികളാകാൻ സഹായിക്കണം.** മികവിനായി പരിശ്രമിക്കാനും സ്വയം വിലമതിക്കാനും അവരുടെ സ്വാതന്ത്ര്യം വിവേകപൂർവ്വം ഉപയോഗിക്കാനും അത് അവരെ തുടർച്ചയായി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. നല്ല വിദ്യാഭ്യാസം അവരെ അവരുടെ പ്രവർത്തന തത്വങ്ങളിൽ വ്യക്തവും ദൃഢവുമാക്കുകയും പ്രവർത്തനത്തിൽ ധൈര്യമുള്ളവരാക്കുകയും ചെയ്യും. മറ്റുള്ളവരുടെ സേവനത്തിൽ നിസ്വാർത്ഥരായിരിക്കാനും ആവശ്യമായ സാമൂഹിക മാറ്റത്തിന്റെ ഏജന്റുമാരാകാനും അത് അവരെ പ്രചോദിപ്പിക്കും. ഓരോ ജെസ്യൂട്ട് സ്ഥാപനവും സമൂഹത്തെ മികച്ച രീതിയിൽ മാറ്റാൻ പ്രവർത്തിക്കുന്നു. **സാമൂഹ്യനീതി, അവസര സമത്വം, യഥാർത്ഥ സ്വാതന്ത്ര്യം, മതപരവും ധാർമ്മികവുമായ തത്വങ്ങളോടുള്ള ആദരവ് എന്നീ** മൂല്യങ്ങൾ സന്ന്യാസസഭയിലുള്ളവർക്ക് പവിത്രമാണ്. ■





തിരുഹൃദയ ദൈവാലയം
അരീപ്പാലം
(കോട്ടപ്പുറം രൂപത)
തിരുഹൃദയ
തിരുനാൾ
ജൂൺ ഞായർ 9
വി. അന്തോണീസിന്റെ
ഊട്ടുതിരുന്നാൾ
ജൂൺ ചൊവ്വ 11
നവനാൾ
മെയ് 29 ബുധൻ മുതൽ
ജൂൺ 6 വ്യാഴം വരെ
കൊടികയറ്റം
ജൂൺ 7 വെള്ളി
എല്ലാ ചൊവ്വാഴ്ചകളിലും
രാവിലെ 6.15 നും 10.30 നും വൈകീട്ട് 7.00 നും
ദിവ്യബലി, നൊവേന, ആരാധന



# നസ്രത്തിലെ ജോസഫ്



റവ. ഡോ. സുനിൽ കല്ലറക്കൽ OSJ

**എ**ല്ലാ വർഷവും മെയ് മാസം ഒന്നാം തീയതി അന്തർദേശിയ തൊഴിലാളികളുടെ ദിനമായി നാം ആഘോഷിക്കുമ്പോൾ, തൊഴിലാളികളുടെ മധ്യസ്ഥനായ യൗസേപ്പിതാവിന്റെ പിതൃത്വത്തെക്കുറിച്ച് നമുക്കു അല്പം ചിന്തിക്കാം.

സുവിശേഷങ്ങളിൽ ജോസഫിന്റെ പേര് വളരെ കുറച്ച് തവണ മാത്രമേ പരാമർശിച്ചിട്ടുള്ളുവെന്ന് നമുക്ക് അറിയാം. അതിനാൽ രക്ഷയുടെ ചരിത്രത്തിൽ അദ്ദേഹത്തിന് ഒരു പ്രധാന പങ്ക് ഇല്ലെന്ന് ചിലർ നിഗമനം ചെയ്യുന്നു. എന്നാൽ സത്യം മറ്റൊന്നാണ്. ജോസഫിനെക്കുറിച്ച് വെളിപ്പെടുത്തിയ വിവരങ്ങൾ അപൂർവമായതിനാൽ, അത് വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യണം. കാരണം അവ വജ്രങ്ങൾ പോലെയാണ്, അതിന്റെ സൗന്ദര്യവും തിളക്കവും കണ്ടെത്താൻ വളരെ ശ്രദ്ധയോടെയും വൈദഗ്ധ്യത്തോടെയും പ്രവർത്തിക്കേണ്ടതുണ്ട്. **രക്ഷാകര ചരിത്രത്തിൽ ജോസഫിന്റെ പങ്ക് അബ്രഹാത്തിന്റെയും മോശെയുടെയും മേരിയുടേതും പോലെ തികച്ചും അതുല്യമാണ്.**

ഫ്രാൻസിസ് പാപ്പയും അദ്ദേഹത്തിന്റെ മുൻഗാമികളും വിശുദ്ധ യൗസേപ്പിതാവിനു രക്ഷയുടെ ചരിത്രത്തിലുള്ള പ്രധാന പങ്കിനെ പൂർണ്ണമായി വിലമതിക്കുന്നു. **വാഴ്ത്തപ്പെട്ട പിയൂസ് ഒൻപതാമൻ പാപ്പ അദ്ദേഹത്തെ സാർവത്രിക സഭയുടെ സംരക്ഷകനായി പ്രഖ്യാപിച്ചു, പയസ് പന്ത്രണ്ടാമൻ പാപ്പാ അദ്ദേഹത്തെ തൊഴിലാളികളുടെ മധ്യസ്ഥനായി നിർദ്ദേശിച്ചു, വിശുദ്ധ ജോൺ പോൾ രണ്ടാമൻ അദ്ദേഹത്തെ രക്ഷകന്റെ കാവൽക്കാരനായി കണ്ട് റിഡംപ്റ്റോറിസ് കസ്റ്റോസ് എന്ന അപ്പോസ്തോലിക പ്രബോധനം എഴുതി. *വിശുദ്ധ യോസേഫ് സാർവത്രികമായി നൽമരണത്തിന്റെ മധ്യസ്ഥനായി വിളിക്കപ്പെടുന്നു.*** 2020-ാമാണ്ടിൽ ഫ്രാൻസിസ് പാപ്പ പാട്രിസ് കോർഡേ എന്ന അപ്പസ്തോലിക കത്ത് എഴുതുകയും വിശുദ്ധ യൗസേപ്പിതാവിന്റെ ഒരു വർഷം സഭയിൽ പ്രഖ്യാപിക്കുകയും ചെയ്തു.

നിത്യപിതാവിനെപ്പോലെ, ഈ ഭൂമിയിൽ യേശുവിന്റെ പിതാവായ ജോസഫ് നേരിട്ട് നമ്മോട് സംസാരിച്ചില്ല, മറിച്ച് പുത്രനിലൂടെ നമ്മോട് സംസാരിച്ചു (Hb 1, 2). തീർച്ചയായും, സുവിശേഷങ്ങളിൽ ജോസഫ് ഉച്ചരിച്ച ഒരു വാക്കുപോലും ഇല്ല. ജോസഫിന്റെ വാക്ചാതുര്യം സംസാരിക്കുന്നതിലല്ല, മറിച്ച് നസ്രത്തിലെ വീട്ടിൽ തന്റെ മകനായ യേശുവിനെ അവന്റെ ഭാവി ദൗത്യത്തിനായി ഒരുക്കുന്നതിലാണ്. നമ്മൾ സാധാരണ പറയുന്നതുപോലെ, പ്രവൃത്തികൾ വാക്കുകളേക്കാൾ ഉച്ചത്തിൽ സംസാരിക്കുന്നു. ജോസഫിന്റെ ജീവിതവും പ്രവൃത്തികളും വാക്കുകളേക്കാൾ ഉച്ചത്തിൽ സംസാരിക്കുന്നു.

2009-ൽ മാർച്ച് മാസത്തിൽ കാമറൂൺ സന്ദർശിക്കുന്ന വേളയിൽ അന്തരിച്ച പോപ്പ് ബെനഡിക്റ്റ് പതിനാറാമൻ വിശുദ്ധ ജോസഫിനെക്കുറിച്ച് പറഞ്ഞ വാക്കുകൾ അതിമനോഹരങ്ങളാണ്. പാപ്പാ പറഞ്ഞു: **"ആരെയും സ്വന്തമാക്കിവയ്ക്കാതെ സ്നേഹിക്കാൻ കഴിയുമെന്ന് ജോസഫ് നമുക്ക് കാണിച്ചുതരുന്നു."** വളരെ ലളിതമായ വാക്കുകൾ. എന്നാൽ, ആഴത്തിലുള്ള അർത്ഥം അതിലുണ്ട്. വിശുദ്ധ യൗസേപ്പ് തന്റെ ഭാര്യ മേരിയെയും മകനായ യേശുവിനെയും സ്വന്തമാക്കി വയ്ക്കാതെ സ്നേഹിച്ചു എന്നത് വളരെ സത്യമാണ്. മേരി ജോസഫിന്റെ ഭാര്യയാണോ എന്ന ചോദ്യത്തിന് ഉത്തരം, തീർച്ചയായും അവൾ ഭാര്യ ആണ് എന്നാണ്. കാരണം, അവർ യഹൂദ പാരമ്പര്യമനുസരിച്ച് വിവാഹിതരായി, പക്ഷേ അവൾ ഈ ലോകത്തിലെ മറ്റേതൊരു ഭാര്യയെയും പോലെ ആയിരുന്നില്ല. അവൾക്ക് ഒരു പ്രത്യേക ദൗത്യം ഉണ്ടായിരുന്നു, ദൈവപുത്രനായ യേശുവിന്റെ അമ്മയാകാൻ അവൾ വിളിക്കപ്പെട്ടു. അവളുടെ ഭർത്താവായ ജോസഫ് തന്റെ ഭാര്യയായ മറിയത്തെ കൈവശമാക്കുന്നില്ല. **ഇവിടെ ജോസഫിന്റെ വിളി മേരിയെ സംരക്ഷിക്കുക, പരിപാലിക്കുക, എല്ലാറ്റിനുമുപരിയായി അവളെ ഭാര്യയായി സ്നേഹിക്കുക എന്നതാണ്.**

സിയന്നയിലെ വിശുദ്ധ ബെർണാഡ് എഴുതുന്നു: 'പഴയ നിയമത്തിലെ ജോസഫ് ധാന്യം തനിക്കുവേണ്ടി മാറ്റി വച്ചില്ല, മറിച്ച് അവൻ ധാന്യങ്ങൾ സൂക്ഷിച്ചുവച്ചു. അതു പിന്നീട് മറ്റുള്ളവർക്ക് ഭക്ഷണം ആയി നൽകി. പുതിയ നിയമത്തിലെ ജോസഫും നമ്മെ പോറ്റുന്നു. കാരണം, അവൻ സ്വർഗത്തിൽ നിന്ന് ജീവനുള്ള അപ്പം (യേശു) ലോകത്തിനുവേണ്ടി നൽകുന്നു. രണ്ട് ജോസഫുമാരുടെയും സാദൃശ്യത്തെ വിശുദ്ധ ബെർണാഡ് ഇങ്ങനെ സംഗ്രഹിക്കുന്നു: വിശുദ്ധ യൗസേപ്പ് ഈജിപ്തുകാർക്ക് ശാരീരിക ജീവിതത്തിന്റെ അപ്പം മാത്രമല്ല നൽകിയത്, സ്വർഗീയ ജീവൻ നിലനിർത്തുന്ന സ്വർഗത്തിൽ നിന്നുള്ള അപ്പം തന്നെയാണ്.

പയസ് പന്ത്രണ്ടാമൻ പാപ്പ പറയുന്നു: **'നിത്യജീവന്റെ അപ്പമായി നാം ഭക്ഷിക്കേണ്ട യേശുവിനെ പിതാവ് എന്ന നിലയിൽ പോഷിപ്പിക്കുകയും പഠിപ്പിക്കുകയും പരിചരിക്കുകയും ചെയ്തത് വിശുദ്ധ ജോസഫ് ആണ്.'** ലൂക്കായുടെ സുവിശേഷമനുസരിച്ച് യേശുവിന്റെ ജീവിതത്തിൽ രണ്ടു സന്ദർഭങ്ങളിൽ ജോസഫ് വഹിച്ച പങ്ക് പ്രധാനമായി കണക്കിലെടുക്കുമ്പോൾ, വിശുദ്ധ യൗസേപ്പ് കുർബാനയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്നും നമുക്ക് കാണാൻ കഴിയും; അതായത്, പരിച്ഛേദന സമയത്തും (Lc. 2, 21) ദൈവാലയത്തിൽ യേശുവിനെ സമർപ്പിക്കുന്ന വേളയിലും (Lc. 2, 22-27), അദ്ദേഹം ഒരു പുരോഹിതനല്ലെങ്കിലും, ഒരു പുരോഹിതന്റെ കടമകൾ നിർവഹിച്ചു. അവിടെ ദേവാലയത്തിൽ യേശുവിനെ എടുത്തു സമർപ്പിച്ചു പിതാവിന്റെ കടമ നിർവഹിച്ചു.

ഓരോ തവണയും നാം കുർബാന അർപ്പിക്കുമ്പോളോ, കുർബാനയിൽ പങ്കെടുക്കുകയോ ചെയ്യുമ്പോൾ, പുരോഹിതൻ **ആൾത്താരയിൽ കൂദാശ ചെയ്യപ്പെട്ട അപ്പമെടുത്തു, ആരാധനയ്ക്കായി ഉയർത്തുമ്പോൾ ആദ്യമായി യേശുവാകുന്ന ആ അപ്പത്തെ ഉയർത്തിയത് വിശുദ്ധ യൗസേപ്പിതാവാണെന്ന് നമുക്ക് ഓർക്കാം.** യേശുവിനെ ഒരേ സമയം ആദരവോടും വാത്സല്യത്തോടും കൂടെ കൈകളിൽ എടുത്ത് വളർത്തിയ ജോസഫ് ബലിപീഠത്തിലേക്ക് നീങ്ങുന്ന പുരോഹിതർക്ക് ഉത്തമ മാതൃകയാണ്.

ഫ്രാൻസിസ് പാപ്പ തന്റെ ഒരു പ്രസംഗത്തിൽ, ഉറങ്ങുന്ന വിശുദ്ധ യൗസേപ്പിതാവിന്റെ ശക്തമായ മാദ്ധ്യസ്ഥതയെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. കത്തോലിക്കാ സഭയുടെ തലവൻ എന്ന നിലയിൽ ഒരു പ്രശ്നം പരിഹരിക്കേണ്ടിവരുമ്പോൾ, തന്റെ നിയോഗം ഒരു കട

ലാസിൽ എഴുതി ഉറങ്ങുന്ന സെന്റ് ജോസഫിന്റെ പ്രതിമയ്ക്ക് കീഴിൽ സൂക്ഷിക്കുമെന്ന് അദ്ദേഹം പറഞ്ഞു. സെന്റ് ജോസഫ് തന്റെ പ്രശ്നങ്ങൾ പരിഹരിക്കുമെന്ന് അദ്ദേഹത്തിന് വളരെ ആത്മവിശ്വാസമുണ്ട്. നിയോഗങ്ങൾ കൂടുകയും കടലാസു കഷണത്തിന്റെ അളവ് കൂടുകയും ചെയ്യുമ്പോൾ പ്രതിമ ഉയരും. പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമ്പോൾ അദ്ദേഹം കടലാസ് കഷണങ്ങൾ ഓരോന്നായി നീക്കം ചെയ്യും. അങ്ങനെ പ്രതിമ താഴെക്കുവരും. നമ്മുടെ ജീവിതത്തിൽ പ്രശ്നങ്ങൾ നേരിടുമ്പോഴെല്ലാം ഈ നല്ലരീതി നമുക്ക് പരിശീലിക്കാം.

ഒരു പിതാവിന്റെ ഹൃദയത്തോടെയാണ് ജോസഫ് യേശുവിനെ സ്നേഹിച്ചതെന്ന് നാം മനസ്സിലാക്കണമെന്ന് പാപ്പാ ആഗ്രഹിക്കുന്നു. ഫ്രാൻസിസ് പാപ്പാ patris corde യിൽ **ഇങ്ങനെ പറയുന്നു : ഒരു കുട്ടിയെ ലോകത്തിലേക്ക് കൊണ്ടുവന്നതുകൊണ്ടല്ല, മറിച്ച് ആ കുട്ടിയെ പരിപാലിക്കാനുള്ള ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിലൂടെയാണ് ഒരു മനുഷ്യൻ പിതാവാകുന്നത്.** ഒരാൾ മറ്റൊരാളുടെ ജീവിതത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കുമ്പോൾ, ഒരു വിധത്തിൽ അവൻ ആ വ്യക്തിക്ക് പിതാവായിമാറുന്നു. അങ്ങനെ നമുക്കുവേണ്ട ആത്മീയ പിതൃത്വത്തെ കുറിച്ച് പപ്പാ നമ്മെ ഉദ്ബോധിപ്പിക്കുന്നു.

മറ്റു വിശേഷണങ്ങൾക്കൊപ്പം, **അധ്വാനിക്കുന്ന പിതാവ്** എന്നാണ് യൗസേപ്പിതാവിനെക്കുറിച്ച് പാപ്പാ പറയുന്നത്. തനിക്കുലഭിച്ച യാതൊരു ഉത്തരവാദിത്തവും ദുരുപയോഗം ചെയ്യാതെ തീവ്രമായ സ്നേഹത്തിലും പരിത്യാഗത്തിലും ജീവിച്ച വി. ജോസഫ് തൊഴിലാളികൾക്ക് മാതൃകയാകട്ടെ. ദൈവീകവിളിക്കുമുമ്പ് ശാന്തതയോടും പൂർണ്ണ ആത്മവിശ്വാസത്തോടും കൂടി തന്റെ ജീവിതം സമർപ്പിച്ച പിതാവായ ജോസഫ് നമുക്കായി മധ്യസ്ഥം വഹിക്കട്ടെ. ■

**കവിത**

# സ്വർണ്ണച്ചിറക്



അഗസ്റ്റിൻ പനച്ചിക്കൽ
കോട്ടപ്പുറം


**കോ**ട്ടപ്പുറത്തിന്റെ കാവലാളേ
സ്നേഹപ്രകാശത്തിൻ നവജ്യോതിസേ
ഇരുകരം നീട്ടി തൃഷാതെ അണയും
മക്കളെ കാത്തിടേണേ - മാലാഖേ;
ഈ മക്കളെ കാത്തിടേണേ


അഹന്ത പെരുത്തൊരു ലൂസിഫർ
വൃന്ദത്തെ ആട്ടിയിറക്കിയോനെ
ധീരനാം യോദ്ധാവ് നീയേ
മുഖ്യനാം മിഖായേലേ
അങ്ങേ സ്വർണ്ണച്ചിറകതിൻ കീഴിലായ്
അണിചേർന്നോർക്കെല്ലാം
കാവലായ് നിൽക്കേണമേ
മാലാഖേ അഭയം നൽകിടേണേ

ദുഷ്ടാരൂപിതൻ ശിരച്ഛേദനം ചെയ്ത
ക്രൂരത നീക്കിയോനേ
അനീതിക്കെതിരെ തുലാസേന്തി നിൽക്കുന്ന
പാരിൻ ഉടയവനേ
സഭയുടെ കാവൽക്കാരാ
ആശ്രയം യാചിച്ചെത്തും
നിൻപ്രിയമക്കൾക്ക്
കാവലായ് നിൽക്കേണമേ മാലാഖേ
സാന്ത്വനം ഏകിടേണേ

അലറും പെരുംകടൽ ശാന്തമാക്കി
കപ്പലോട്ടക്കാർക്ക് അഭയമേകി
കോട്ടപ്പുറം പള്ളിയിൽ
സല്ലീലം വാഴുന്ന
വിശുദ്ധനാം മിഖായേലേ
ഞങ്ങൾതൻ പ്രിയതാതാ
അങ്ങേ തിരുമുൻപിൽ
അണയുന്നോർക്കെല്ലാർക്കും
കൃപയും വരങ്ങളും നൽകിടേണേ
വിശ്വാസ ദീപ്തിയിൽ നിറച്ചിടേണേ

# കുറിപ്പ്



ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ

നടക്കാനിരിക്കുന്ന തിരഞ്ഞെടുപ്പിന്റെ അന്തരീക്ഷത്തിലാണ് ഈ കുറിപ്പ് എഴുതുവാനിരിക്കുന്നത്. ഈ ആഴ്ചയിലെ (ഏപ്രിൽ 14-20, പുസ്തകം 102, ലക്കം 04) മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ മുഖചിത്രം യോഗേന്ദ്ര യാദവായിരുന്നു. നിങ്ങൾ, ഒരു പക്ഷെ അദ്ദേഹത്തെ അറിയുമായിരിക്കും. "ആം ആദ്മി" പാർട്ടിയുടെ സ്ഥാപക നേതാക്കളിൽ ഒരാളാണ് അദ്ദേഹം. ജനാധിപത്യത്തെക്കുറിച്ചും, ഇലക്ടറൽ പൊളിറ്റിക്സ് (electral politics) നെ കുറിച്ചും നിരവധി രചനകൾ അദ്ദേഹത്തിന്റേതായുണ്ട്. 2015 - ൽ ആം ആദ്മി പാർട്ടിയിൽ നിന്നും പിരിഞ്ഞു പുതിയ പാർട്ടി രൂപികരിച്ചു. രാഷ്ട്രീയ പ്രവർത്തകനും ചിന്തകനും, നിരീക്ഷകനുമായ അദ്ദേഹം ഈ തെരഞ്ഞെടുപ്പിനെ വിളിക്കുന്നത് ജനാധിപത്യത്തെ നിലനിർത്തുവാനുള്ള "പോരാട്ടമെന്നും" "യുദ്ധം" എന്നുമൊക്കെയാണ്. ഈ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിലാണ് യുദ്ധ കല (Art of War) എന്ന പുസ്തക പാരായണത്തിന് പ്രസക്തിയുള്ളത്.

കുറെ നാളുകൾക്കു മുൻപ് തിരഞ്ഞിരുന്ന പുസ്തമായിരുന്നു. കിട്ടാനില്ലായിരുന്നു. അങ്ങനെ കുറച്ചു ദിവസങ്ങൾക്കു മുൻപ് തൃശ്ശൂർ മാതൃഭൂമി ബുക്സിൽ ചെന്നപ്പോൾ അവിടെയിരിക്കുന്നു. സുൻ സു (sun tsu), യുദ്ധ കല, (പരിഭാഷ സുരേഷ് നാരായണൻ, മാതൃഭൂമി ബുക്ക്സ് 2023, വില 110) ഉടനെ വാങ്ങി വായന തുടങ്ങി. 2500 വർഷങ്ങൾക്കുമുൻപ് ചൈനയിലെ വു (wu) പ്രദേശത്തെ നാട്ടുരാജാവിന്റെ സൈന്യാധിപനായിരുന്നു സുൻ സു. അദ്ദേഹമാണ് ഈ പുസ്തകം രചിച്ചിരിക്കുന്നത്.

സാധാരണ പുരാണങ്ങളോ ഇതിഹാസങ്ങളോ ദർശനങ്ങളോ ആത്മീയ ഗ്രന്ഥങ്ങളോ ആണ് സഹസ്രാബ്ദങ്ങളോളം നിലനിൽക്കുന്നത്. തലമുറകളിലൂടെ പുനർവായന നടത്തിയും പുതുരൂപങ്ങളാർജിച്ചുമാണ് ഇവ ഇന്നും നിലനിൽക്കുന്നത്. മുകളിൽ പറഞ്ഞതിൽ നിന്നും തികച്ചും വ്യത്യസ്തമായ ഭൗതിക വിഷയങ്ങൾ കൈകാര്യം ചെയ്തിട്ടുള്ള പുസ്തകങ്ങളും കാലാതിവർത്തിയായി വായനക്കാരുടെ അറിവാന്വേഷണത്തെ സഫലമാകുന്നു. വാത്സ്യായനന്റെ കാമസൂത്രം, കൗടില്യന്റെ അർത്ഥശാസ്ത്രം, ജാതക കഥകൾ, വിഷ്ണുശർമന്റെ പഞ്ചതന്ത്രം എന്നിവയൊക്കെ അക്കൂട്ടത്തിൽപെടും. ബൗദ്ധിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന പുസ്തകങ്ങൾ അധികകാലം വായനാലോകത്ത് നിലനിൽക്കാത്തതിന്റെ കാരണം കാലഘട്ടങ്ങളിലൂടെ കൈവരുന്ന അറിവുകളും മാറ്റങ്ങളും അവയുടെ വായനയെ അപ്രസക്തമാക്കുന്നു എന്നുള്ളതാണ്. രണ്ടര സഹസ്രാബ്ദം കഴിഞ്ഞിട്ടും ഇന്നും വായനക്കാരുള്ള യുദ്ധകല, അതിലെ അറിവുകൾ ഇന്നും വായനക്കാർക്കു ഉപയോഗപ്രദമാക്കുന്നു എന്ന സൂചനയാണ് തരുന്നത്. ഭാരതീയ ദർശനങ്ങളിൽ നിന്നും വ്യത്യസ്തമായി ചൈനീസ് ദർശനങ്ങൾക്കുള്ള വ്യത്യാസം അവ ആത്മീയതയും ബൗദ്ധികതയും സമന്വയിപ്പിച്ച ജീവിതത്തിൽ പ്രയോഗിക്കുന്നു. പ്രത്യേകിച്ചു താവോ ദർശനങ്ങൾ. അത്തരത്തിൽ താവോ ദർശനങ്ങളെ ഉൾകൊള്ളുന്ന കൃതിയാണ് യുദ്ധകല.



"സർവശക്തനായ കർത്താവു കനിഞ്ഞാൽ ജ്ഞാനത്തിന്റെ
ചൈതന്യം അവനിൽ നിറയും."
പ്രഭാഷകൻ 39 : 6

ജന്മനാ ലഭിച്ചതല്ലാതെ നാം കരസ്ഥമാക്കുന്ന എല്ലാ കഴിവുകളും (skills) അറിവുകളും ജീവിതത്തിൽ നമുക്ക് എപ്പോഴും ആവശ്യമായി വരണമെന്നില്ല. അറിയാനും മനസിലാക്കാനും വേണ്ടി മാത്രം പഠിക്കുന്ന എത്രയധികം കാര്യങ്ങളുണ്ട് ജീവിതത്തിൽ! ഈ പുസ്തകത്തെ ആകർഷകമാക്കുന്നതും അതുതന്നെയാണ്. യുദ്ധതന്ത്രം അഭ്യസിക്കുന്നത് യുദ്ധം ചെയ്യാൻ വേണ്ടിയല്ലായെന്നും യുദ്ധം ഒഴിവാക്കുകയാണ് ഏതു സന്ദർഭത്തിലും നല്ലതെന്നു സുൻ സു പറയുന്നു. 13 അധ്യായങ്ങൾ ഉണ്ടിതിൽ. രണ്ടോ മൂന്നോ പേജുകൾ മാത്രം നീളുന്ന അധ്യായങ്ങൾ താവോ ദർശനങ്ങൾ കൊണ്ടും ആന്തരികമായ ഉൾകാഴ്ചകൊണ്ടും സമ്പന്നമാണ്. ഗ്രന്ഥകർത്താവ് വെറുമൊരു യോദ്ധാവല്ലന്നും ആഴമായ നിരീക്ഷണബോധമുള്ള സൂക്ഷ്മമായ വിശകലന ശേഷിയുള്ള ആത്മീയ വെളിച്ചമുള്ള ആളാണെന്നു നമുക്ക് ബോധ്യമാകും. പടനീക്കം എന്ന അധ്യായത്തിലെ വാക്കുകൾ നോക്കുക. "ആന്തരികവും ബാഹ്യവുമായ കാര്യങ്ങളെ സസൂക്ഷ്മം വീക്ഷിച്ചു പഠിച്ചാൽ കാര്യങ്ങളെ കുറേക്കൂടെ വ്യക്തമായി മനസിലാക്കി നീങ്ങാനാകും. ശരിയായ പ്രതികരണങ്ങൾ സൃഷ്ടിക്കാനാകും. പക്ഷെ പ്രക്ഷുബ്ദമായ അന്തരീക്ഷത്തിൽ നാമിതൊന്നും ശ്രദ്ധിക്കാറില്ല എന്നതാണ് സത്യം. ഓരോ അന്തഃസംഘർഷത്തിലും കാര്യങ്ങൾ നിരീക്ഷിച്ചു പഠിച്ചാൽ നമുക്ക് എളുപ്പത്തിൽ വിജയിക്കാനാകും". ചില സമയത്തെങ്കിലും യുദ്ധ സമാനമായ പ്രതിസന്ധികളിലൂടെ മനുഷ്യർ കടന്നു പോകാറുണ്ട്. അവർ പലപ്പോഴും അത്തരം പ്രതിസന്ധികളെ നേരിടുന്നത് വിവേകത്തേക്കാളുപരി വികാരം കൊണ്ടായിരിക്കും. അത് വീണ്ടും കൂടുതൽ പ്രതിസന്ധികൾക്ക് കാരണമാകാറുണ്ട്. എവിടെയും എന്തിനെയും സമാധാനത്തോടെ സമീപിക്കുവാനും വിശകലന പാടവം കൊണ്ട് പ്രശ്നങ്ങളെ നേരിടുവാനും പരിഹരികുവാനും ഈ പുസ്തകം വായനക്കാരെ പ്രചോദിപ്പിക്കട്ടെ. ■





## ഏപ്രിൽ 21



31 വർഷത്തെ പൗരോഹിത്യ ജീവിതം
പൂർത്തിയാക്കുന്ന ഞങ്ങളുടെ
പ്രിയ ബഹുമാനപ്പെട്ട **ജോൺസൺ പങ്കേത്തച്ചന്**
പ്രാർത്ഥന ആശംസകൾ..

ആശംസകളോടെ...
മതബോധന വിഭാഗം, സമ്പാളൂർ ഇടവക

## മെയ് 28





4 വർഷത്തെ പൗരോഹിത്യജീവിതം
പൂർത്തിയാക്കുന്ന ഞങ്ങളുടെ
പ്രിയ ബഹുമാനപ്പെട്ട **നിവിൻ കളരിത്തറ അച്ചന്**
പ്രാർത്ഥനാശംസകൾ...

ആശംസകളോടെ...
മതബോധന വിഭാഗം, സമ്പാളൂർ ഇടവക



# എന്റെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണം



ഫാ. മിഥുൻ ജോൺ മെന്റസ്

**അ**തിരാവിലെ ഉണർന്നു. മുട്ടുകുത്തി കുരിശു വരച്ചു. പഠിച്ച പ്രാർത്ഥനകൾ ഓർത്തു ചൊല്ലി. ഇന്നലെ എന്റെ ആദ്യത്തെ കുമ്പസാരമായിരുന്നു. ഞങ്ങൾ മാലാഖമാരും വിശുദ്ധരുമാണെന്നാണ് അച്ചൻ പറഞ്ഞത്.

കുളിച്ചു പുത്തൻ വസ്ത്രങ്ങൾ ധരിച്ചു. വെളുത്ത പൂക്കൾ കൊണ്ടൊരു കിരീടവും വച്ചു. അലങ്കരിച്ച തിരിയും കപ്പേളയും കയ്യിൽ തന്നു. വീട്ടിൽ നിന്നിറങ്ങുമ്പോൾ ഞാൻ എന്നോടു തന്നെ പറഞ്ഞു, "ഇന്നു മുതൽ ഞാനൊരു നല്ല കുട്ടിയായിരിക്കും." ബാലനായ യേശുവിനെപ്പോലെ ടീച്ചർ പറഞ്ഞുതന്ന, ബാലനായ വി. ഡൊമിനിക് സാവിയോയെപ്പോലെ, കുഞ്ഞു മാലാഖയെ പോലെ...

അന്നു ഞാൻ എന്റെ കൂട്ടുകാരോടൊപ്പം അണിഞ്ഞൊരുങ്ങി നിന്നപ്പോൾ അൾത്താര ഒരു സ്വർഗമായി മാറി. മാതാപിതാക്കൾക്കു നടുവിൽ വെള്ളവസ്ത്രം ധരിച്ച് ഞാൻ ആദ്യമായി എന്റെ ഈശോയെ സ്വീകരിച്ചു. ഉള്ളിൽ നിറഞ്ഞ സ്നേഹം നന്ദിയായി, പ്രാർത്ഥനയായി, സന്തോഷമായി സമർപ്പിക്കവേ തിരുക്കർമ്മങ്ങൾ സമാപിച്ചു. അനുഗ്രഹങ്ങൾക്ക് പിന്നാലെയെത്തുന്ന ദുരന്തങ്ങൾ! ഫോട്ടോഗ്രാഫറുടെ മുമ്പിൽ ഞാനൊരു കാഴ്ചവസ്തുവായി മാറി. അച്ചന്റെ കൂടെ, അങ്കിൾ, ആന്റിമാർ, തലതൊട്ടവർ, വീട്ടുകാർ, നാട്ടുകാർ, കൂട്ടുകാർ. ഫോട്ടോ എടുക്കാൻ നീണ്ട നിര പിന്നെ ഒറ്റയ്ക്കുള്ള ചിത്രങ്ങൾ. ഫോട്ടോഗ്രാഫർ ഞങ്ങളെയും കൊണ്ട് നടക്കുകയാണ്, പറ്റിയ സ്ഥലം നോക്കി. ഉള്ളിൽ എന്റെ ഈശോ എന്റെ ഹൃദയമെന്ന പറ്റിയ സ്ഥലത്ത് സുഖമായി ഇരുന്ന് ഇതെല്ലാം കണ്ടുചിരിച്ചു.

കൂട്ടുകാരോട് സന്തോഷം പങ്കിടാൻ... ഒന്നു സംസാരിക്കാൻ സാധിച്ചില്ല... എല്ലാവരും തിരക്കാണ്... ഒരു മാസത്തോളം ഒരുമിച്ചു പഠിച്ചു രസിച്ചു ധ്യാനിച്ചവരാണ് ഞങ്ങൾ എങ്കിലും എല്ലാവരും തിരക്കിലാണ്. പഠിപ്പിച്ച അദ്ധ്യാപകരോട്, കുളിപ്പിച്ചൊരുക്കിയ ജ്യേഷ്ഠസഹോദരങ്ങളോട് സാമാന്യ മര്യാദയനുസരിച്ച് ശരിക്കും ഒരു നന്ദിപറയാൻ പറ്റിയില്ല. അതിനിടയിൽ കാണുന്നവർക്കൊക്കെ സ്തുതി കൊടുത്തു എന്നതൊഴിച്ചാൽ സംസാരിക്കാൻ പോലും സമയം കിട്ടിയില്ല.

വീട്ടിലെത്തി, ഫോട്ടോഗ്രാഫർ പിടിവിടാതെ പിന്നാലെയുണ്ട്. കൂട്ടിന് വൈകിയെത്തിയ വീഡിയോഗ്രാഫറും. പന്തലൊരുങ്ങിയിരിക്കുന്നു. ഒരു കല്യാണവട്ടത്തിനുള്ള ജനക്കൂട്ടം മുറ്റത്തുണ്ട്. സദ്യയുടെ ഒരുക്കവും മറ്റും

തകൃതിയായി നടക്കുന്നു. "ഇവന്റെ കല്യാണത്തിനു ഞങ്ങളുണ്ടായില്ലെങ്കിലോ?" അമ്മൂമ്മയുടെ മോഹത്തിൽ നിന്നും വന്ന വാക്കുകളും ചിരിയും."


ഒരു മുറിയിൽ ടി.വി പ്രവർത്തിക്കുന്നു. കുട്ടിപ്പട്ടാളം അവിടെ അടിഞ്ഞുകൂടിയിരിക്കുന്നു. വിരുന്നുകൾ ആരംഭിച്ചു. വിരുന്നുകാർ വന്നും പോയും ഇരുന്നു. ഒത്തിരി ഫോട്ടോകളും സമ്മാനങ്ങളും പോസുകളും കഴിഞ്ഞു. വെള്ള വസ്ത്രം മാറാൻ മുറിയിൽ കയറി. കേക്ക് മുറിയും ആഘോഷവും കഴിഞ്ഞപ്പോൾ വെള്ളവസ്ത്രത്തിൽ അവിടെ ഇവിടെയായി അഴുക്കു പറ്റി. വൈകിട്ട് തിരക്കൊഴിഞ്ഞപ്പോൾ പപ്പയുടെ സുഹൃത്തുക്കളെത്തി. സന്തോഷം ആഘോഷിക്കാനെത്തിയവരാണവർ. മദ്യത്തിന്റെയും വറുത്ത മാംസത്തിന്റെയും രൂക്ഷഗന്ധം. അവർക്കു മുന്നിലും ഞാനും ഉള്ളിലുള്ള ഈശോയും പ്രദർശന വസ്തുവായി നിന്നുകൊടുത്തു.

ഉറക്കം വരുന്നു. ഒടുവിൽ ഞാനും ഈശോയും മാത്രമായി. സങ്കടം വന്നു. കണ്ണുകൾ നിറഞ്ഞു. രാവിലെ ഞാൻ നല്ല കുട്ടിയായിരുന്നു. ആഘോഷങ്ങൾക്കിടയിൽ പ്രാർത്ഥന ഞാൻ മറന്നു. അന്നത്തെ കുടുംബ പ്രാർത്ഥനയും മറന്നു. എന്റെ സന്തോഷവും വിശുദ്ധിയും തല്ലിക്കെടുത്തുകയായിരുന്നു. എന്റെ മാതാപിതാക്കൾ എന്നെ മനസ്സിലാക്കിയിരുന്നെങ്കിൽ... മാപ്പ്... ഈശോയേ, നിന്നെ വേദനിപ്പിച്ചതിനുമാപ്പ്...

ഇത് ഒരു ആദ്യകുർബാന സ്വീകരണം ആഘോഷമാക്കി മാറ്റുന്ന വീടുകളിലേക്ക് ഒരു 'നോട്ട'-മാണ്. വിശുദ്ധിയിലേക്കും സന്തോഷത്തിലേക്കും നയിക്കുന്ന കൂട്ടായ്മകൾ പോലും തിന്മയിലേക്ക് കൂപ്പുകുത്തുമ്പോൾ ഇനിയും ആദ്യകുർബാന സ്വീകരണങ്ങൾ നടക്കുന്ന വീടുകൾക്ക് ഒരു എത്തിനോട്ടം നടത്താൻ ഉപകരിക്കട്ടെ എന്നാണ് പ്രാർത്ഥന. ■

കവിത

# കരുതലിൻ അമ്മ...




മാനുവൽ വടക്കേടത്ത്
തുരുത്തിപ്പുറം

**മാ**തൃസ്നേഹത്തിന്നുദാത്ത ഭാവമേ
മാനവമക്കൾക്കാലംബമേ!
മഹിമ നിറഞ്ഞോരമ്മേ - കന്യാ-
മരിയേ മനോജ്ഞേ തായേ...
മാതൃസ്നേഹ...
വിളങ്ങും സ്നേഹതാരമായി
വിണ്ണിൽ അഷ്ട ഐശ്വര്യദായിനി
വരും ദിനങ്ങളിൽ നന്മകൾ ചെയ്തിടാൻ
വാഴുന്നോരമ്മേ പരിശുദ്ധ രാജ്ഞി...
മാതൃസ്നേഹ...
ജ്വലിക്കും ദിവ്യപ്രഭയോലുമാമുഖം
ജനനീ കനിൻ കതിരൊളിയേ
ജലധിതൻ നടുവിലും അഭയമാമമ്മേ
ജപമാല മന്ത്രത്താലധര മർമ്മരം
മാതൃസ്നേഹ...



"നീ ജ്ഞാനത്തിനു ചെവി കൊടുക്കുകയും അറിവിന്റെ നേരെ നിന്റെ ഹൃദയം ചായിക്കുകയും ചെയ്യുക."
സുഭാഷിതങ്ങൾ 2 : 2

# പ്രചോദനക്കുറിപ്പ്





ഡോ. അമൽ ആന്റണി

**വി**ശ്വാസത്തിന്റെയും പഠനത്തിന്റെയും യാത്രയിൽ, ആത്മീയ വളർച്ചയും പഠന മികവും ജീവിതത്തിന്റെ അവിഭാജ്യ ഘടങ്ങളായി സ്വീകരിക്കാനാണ് വിദ്യാർത്ഥികൾ വിളിക്കപ്പെട്ടിരിക്കുന്നത്. വിശ്വാസികൾ എന്ന നിലയിൽ, ദൈവത്തിന്റെ കരുതലിൽ വിശ്വസിക്കാനും നമ്മുടെ പരിശ്രമങ്ങൾ, അവന്റെ അനുഗ്രഹങ്ങൾക്കൊപ്പം ചേരുമ്പോൾ, ശ്രദ്ധേയമായ നേട്ടങ്ങളിലേക്ക് നയിക്കുമെന്ന് തിരിച്ചറിയാനും നിരന്തരമായി നമ്മൾ പ്രചോദിപ്പിക്കപ്പെടുന്നു.

നമ്മുടെ ഉത്കണ്ഠകളും ഭാരങ്ങളും ദൈവത്തിന് സമർപ്പിക്കാൻ നമ്മുടെ വിശ്വാസം നമ്മെ പഠിപ്പിക്കുമ്പോൾ, അത് നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഉത്സാഹത്തിന്റെയും സ്ഥിരോത്സാഹത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചും നമ്മെ ഓർമ്മിപ്പിക്കുന്നു. വിദ്യാഭ്യാസത്തിന്റെ വെല്ലുവിളികളിലൂടെ സഞ്ചരിക്കുമ്പോൾ, വിശുദ്ധ അഗസ്റ്റിന്റെ വാക്കുകൾ ഓർക്കുക, 'എല്ലാം ദൈവത്തിൽ ആശ്രയിച്ചിരിക്കുന്നത് പോലെ പ്രാർത്ഥിക്കുക. എല്ലാം നിങ്ങളെ ആശ്രയിച്ചിരിക്കുന്നതുപോലെ പ്രവർത്തിക്കുക.'

**തീർച്ചയായും, കത്തോലിക്കാ വിദ്യാർത്ഥികളെന്ന നിലയിൽ, നിങ്ങളുടെ പരിശ്രമങ്ങൾ ദൈവം കാണുകയും നിങ്ങളെ വിജയത്തിലേക്കുള്ള പാതയിലൂടെ നയിക്കുകയും ചെയ്യുമെന്ന വിശ്വാസത്തോടെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ ഏറ്റവും മികച്ചത് നൽകാൻ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു.** എന്നാൽ അക്കാദമിക മികവ് എന്നത് കേവലം ഉയർന്ന ഗ്രേഡുകളോ അംഗീകാരങ്ങളോ നേടുന്നതിലല്ല, മറിച്ച് ലോകത്തിൽ നല്ല സ്വാധീനം ചെലുത്താൻ ദൈവം നൽകിയ നമ്മുടെ കഴിവുകൾ ഉപയോഗിക്കലാണ്. മാത്സര്യങ്ങളുടെ ഈ ലോകത്ത്, നിങ്ങളുടെ സഹപാഠികളെ താഴ്ത്താനോ സുഹൃത്തുക്കളുമായി നിങ്ങളെ തന്നെ താരതമ്യം ചെയ്യാനോ ദൈവം ആഗ്രഹിക്കുന്നില്ലെന്ന് ഓർക്കുക, പകരം ദൈവത്തിന്റെ സാന്നിധ്യത്തിൽ വളരാൻ പരസ്പരം സഹായിക്കുക.

ദൈവത്തിന്റെ അചഞ്ചലമായ സ്നേഹത്തിലും ജ്ഞാനത്തിലും ആശ്രയിച്ചുകൊണ്ട്, തീക്ഷ്ണതയോടെ വിശ്വാസത്തിന്റെയും പഠനത്തിന്റെയും യാത്രയെ നമുക്ക് സ്വീകരിക്കാം. ദൈവാനുഗ്രഹത്താൽ, നിങ്ങൾ സങ്കൽപ്പിച്ചതിലും കൂടുതൽ ഉയരങ്ങളിലെത്താൻ നിങ്ങൾക്കെല്ലാവർക്കും കഴിയുമെന്ന് അറിഞ്ഞുകൊണ്ട് പഠനത്തിൽ വളരാൻ എപ്പോഴും പരിശ്രമിക്കുക. നിങ്ങൾ ഈ യാത്ര ആരംഭിക്കുമ്പോൾ, ദൈവത്തിന്റെ സമൃദ്ധമായ കൃപയ്ക്കും മാർഗനിർദേശത്തിനും നന്ദി പറയാൻ മറന്ന് പോവുകയും അരുത്. ഓരോ ദിവസവും വിശ്വാസത്തിലും ജ്ഞാനത്തിലും വളരാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ■



# പ്രചോദനക്കുറിപ്പ്



"നിന്റെ ദൈവമായ കർത്താവ് നീ പോകുന്നിടത്തെല്ലാം നിന്നോടുകൂടെ ഉണ്ടായിരിക്കും" (ജോഷ്വാ 1 : 9)

ഡോ. അനു മേരിസ് ബെന്നി

സ്കൂൾ പഠന കാലം മുതൽ എന്റെ മനസ്സിലുണ്ടായിരുന്ന ആഗ്രഹം ഒരു ഡോക്ടറായി രോഗികൾക്ക് ആശ്വാസം നൽകണം എന്നതായിരുന്നു. ഈ ആഗ്രഹം ഓരോ ദിവസവും പ്രാർത്ഥനയിൽ ഞാൻ ദൈവവുമായി പങ്കുവച്ചു. സമയമായപ്പോൾ നമ്മുടെ നാട്ടിൽ നിന്നും എണ്ണായിരം കിലോമീറ്റർ അകലെ റഷ്യയിലെ മോസ്കോയ്ക്കടുത്തുള്ള Tambov State Medical University യിലാണ് MBBS ന് അഡ്മിഷൻ ലഭിച്ചത്. ആറുവർഷത്തെ പഠനകാലയളവ് പ്രതികൂലസാഹചര്യങ്ങളുടേതായിരുന്നു. ഭാഷ, അവിടുത്തെ അതികഠിനമായ തണുപ്പ്, കൊറോണ, റഷ്യ- ഉക്രൈൻ യുദ്ധം എന്നിങ്ങനെ. ഇതിനിടയിലും ഒരു പേപ്പർ പോലും രണ്ടാമതെഴുതാതെ എല്ലാം പാസ്സാകാൻ കഴിഞ്ഞു. തുടർന്നുള്ള ഘട്ടം ഇന്ത്യയിൽ നാഷ്ണൽ മെഡിക്കൽ കൗൺസിൽ നടത്തുന്ന Forign Medical Graduate Exam പാസ്സാകുക എന്നതായിരുന്നു. പ്രാർത്ഥനയുടെയും ചിട്ടയായ പരിശ്രമത്തിന്റെയും ഫലമായി 18% മാത്രം ഈ വർഷം വിജയമുണ്ടായ പരീക്ഷയിൽ പാസ്സാകാൻ എനിക്ക് സാധിച്ചു. ഇപ്പോൾ കേരള മെഡിക്കൽ കൗൺസിൽ രജിസ്റ്റർ ചെയ്ത് Internship നായി കാത്തിരിക്കുന്നു. പ്രിയകൂട്ടുകാരേ, മനസ്സിൽ ഒരു ലക്ഷ്യം ഉണ്ടായിരിക്കുകയും അതിലേക്കെത്താൻ തീവ്രമായി പരിശ്രമിക്കുകയും, പ്രാർത്ഥനയിലൂടെ ദൈവാനുഗ്രഹം നേടുകയും ചെയ്താൽ നിങ്ങൾക്കും ലക്ഷ്യത്തിലെത്തിച്ചേരാം. ■






# സ്വിസ് ഗാർഡുകൾ



അനി ജോസഫ്, കുട്ടുകാട്

**ക**ത്തോലിക്കാസഭാ തലവനായ പോപ്പിനെയും, അപ്പസ്തോലിക പാലസിനെയും, വത്തിക്കാനെയും സംരക്ഷിക്കുന്ന ഒരു ചെറിയ സായുധ സേനയാണ് പൊന്തിഫിക്കൽ സ്വിസ് ഗാർഡ് അഥവാ സ്വിസ് ഗാർഡ്. 1506 ൽ ജൂലിയസ് രണ്ടാമൻ പാപ്പയുടെ കീഴിൽ സ്ഥാപിതമായ സേനയാണിത്. ലോകത്തിലെ ഏറ്റവും ചെറുതും പഴക്കം ചെന്നതുമായ സേനാവിഭാഗവും സ്വിസ്ഗാർഡ് തന്നെ.


സ്വിസ്ഗാർഡിന് ആ പേര് ലഭിക്കാൻ കാരണം അവർ സ്വിറ്റ്സർലണ്ടിൽ നിന്നുള്ള പട്ടാളക്കാർ ആയതിനാലാണ്. മധ്യകാലഘട്ടത്തിൽ യൂറോപ്പിലെ ഏറ്റവും പ്രഗത്ഭരായ പട്ടാളക്കാർ സ്വിസ്സുകൾ ആയിരുന്നു. സ്വിസ് പട്ടാളത്തിന്റെ പ്രശസ്തി ഏറ്റവും വർദ്ധിക്കുന്നതിന് ഇടയായത് 1473 ലെ ഹെറികോർട്ട് യുദ്ധത്തിൽ ആയിരുന്നു. തുടർന്ന് സ്വിസ് സൈന്യത്തിന് യൂറോപ്പിൽ വലിയ അംഗീകാരം ലഭിച്ചു. അപ്പോഴാണ് ജൂലിയസ് രണ്ടാമൻ പാപ്പ, പാപ്പമാരുടെ സംരക്ഷണത്തിനു വേണ്ടി ഒരു സൈന്യനിര വേണമെന്ന് തീരുമാനിക്കുന്നത്. 1527 ൽ ഇറ്റലിയുമായി സഖ്യത്തിലായിരുന്ന ഫ്രഞ്ച് സൈന്യം റോമാനഗരം ആക്രമിക്കാൻ തുടങ്ങിയപ്പോൾ ക്ലെമന്റ് ഏഴാമൻ പാപ്പയുടെ സഹായത്തിനെത്തിയത് 176 സ്വിസ് സൈനികരായിരുന്നു. എന്നാൽ എണ്ണത്തിലും ആയുധബലത്തിലും കരുത്തരായിരുന്ന ഫ്രഞ്ച് സൈന്യം വത്തിക്കാനു വേണ്ടി പോരാടിയ സ്വിസ് സൈന്യത്തെ കീഴ്പ്പെടുത്തി. സ്വിസ് സൈന്യത്തിലെ 42 പേർ ഒഴികെ എല്ലാവരുംതന്നെ പൊരുതി മരിച്ചു. അങ്ങനെ ടൈബർ നദീതീരത്തുവച്ച് കൊലചെയ്യപ്പെട്ട 147 സ്വിസ് ഗാർഡുകളുടെ ഓർമ്മദിനമായ മെയ് 6 ന് ആണ് സ്വിസ് ഗാർഡിലേക്ക് പുതിയ അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് പ്രവേശിക്കുന്നത്.



സ്വിസ് ഗാർഡിന്റെ മദ്ധ്യസ്ഥർ വി. സെബസ്ത്യാനോസ്, വി. മാർട്ടിൻ എന്നിവരാണ്. ജർമ്മൻ ആണ് ഇവരുടെ ഔദ്യോഗിക ഭാഷ. 19 വയസ്സിനും 30 വയസ്സിനും ഇടയിലുള്ള അവിവാഹിതരായ, കത്തോലിക്കരായ സ്വിറ്റ്സർലണ്ടുകാരെയാണ് ഈ സൈന്യത്തിലേക്ക് റിക്രൂട്ട് ചെയ്യുന്നത്. കത്തോലിക്കാസഭയോടുള്ള സമർപ്പണവും പാപ്പയോടുള്ള വിധേയത്വവും ഇവരുടെ സവിശേഷ ഗുണങ്ങളാണ്. സ്വിസ് ഗാർഡിന്റെ നിലവിലെ ഔദ്യോഗിക വേഷം നീലയും ചുവപ്പും മഞ്ഞയും നിറങ്ങൾ ഇടകലർന്ന വസ്ത്രമാണ്. ചുവപ്പ് പൂവണിഞ്ഞ ലോഹത്തൊപ്പിയും കുന്തവും അരയിലുള്ള ചെറുവാളും ഈ യൂണിഫോമിന്റെ ഭാഗമാണ്.

മൈക്കിൾ ആഞ്ചലോയുടെ സ്വിസ് ഗാർഡ് ചിത്രങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് 1914 ൽ ജൂൾസ് റെപോണ്ട് എന്ന കമാണ്ടന്റ് ആണ് ഇന്നു കാണുന്ന രീതിയിലുള്ള വസ്ത്രം ഡിസൈൻ ചെയ്തത്. 110 ഏക്കർ വിസ്തൃതിയുള്ള വത്തിക്കാൻ രാഷ്ട്രത്തിന്റെ വിവിധ പ്രവേശന കവാടങ്ങളുടെ സംരക്ഷണം ചരിത്ര പ്രാധാന്യമുള്ള സിസ്റ്റെയിൻ ചാപ്പൽ, പത്രോസിന്റെ ബസിലിക്കാ, ചത്വരം, മ്യൂസിയം തുടങ്ങിയവയുടെയെല്ലാം സംരക്ഷണം സ്വിസ് ഗാർഡുകൾ രാപകലില്ലാതെ നിർവ്വഹിക്കുന്നു. മെയ് 6 സ്വിസ് ഗാർഡുകൾക്കു വേണ്ടി നമുക്കു പ്രാർത്ഥിക്കാം. ■

"അവിടുന്ന് സത്യസന്ധർക്കായി അന്യൂനമായ ജ്ഞാനം കരുതിവയ്ക്കുന്നു;
ധർമിഷ്ഠർക്ക് അവിടുന്ന് പരിചയായിവർത്തിക്കുന്നു."
സുഭാഷിതങ്ങൾ 2 : 7


പൗരോഹിത്യ സ്വീകരണത്തിന്റെ 30–ാം വാർഷികം
ആഘോഷിക്കുന്ന
ഫാ. ജോഷി കല്ലറക്കൽ അച്ചന്
പ്രാർത്ഥനാശംസകൾ...
HAPPY ORDINATION DAY
കൊച്ചച്ചൻ, സിസ്റ്റേഴ്സ്, ഇടവകാംഗങ്ങൾ
മൗണ്ട് കാർമ്മൽ ചർച്ച്, കാര

# കുരിശിനെ നെഞ്ചോട് ചേർത്തവൾ വാഴ്ത്തപ്പെട്ട മദർ മരിയ തെരേസ സ്ക്രില്ലി





സിസ്റ്റർ മേരി തോബിയാസ് INSC

**കോ**ൺഗ്രിഗേഷൻ ഓഫ് ദ കാർമ്മലൈറ്റ് സിസ്റ്റേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഔവർ ലേഡി ഓഫ് കാർമ്മൽ (O'Carm) എന്ന സന്യാസിനി സഭയുടെ സ്ഥാപകയാണ് വാഴ്ത്തപ്പെട്ട മദർ മരിയ തെരേസ സ്ക്രില്ലി. ഇറ്റലിയിലെ ഫ്ളോറൻസ് നഗരത്തിനടുത്തുള്ള മൊന്തേവാർക്കിയിൽ ജനിച്ച ഈ സന്യാസിനിയുടെ 200-ാം ജന്മശതാബ്ദിക്കായി ഒരുങ്ങുകയാണ് ലോകമെങ്ങുമുള്ള ഈ സന്യാസ സഭയിലെ സഹോദരിമാർ. കോട്ടപ്പുറം രൂപതയിലുള്ള ഈ സഭയുടെ ശാഖകളായ പറവൂർ മരിയ തെരേസ സ്ക്രില്ലി കോൺവെന്റും, കുഞ്ഞിത്തൈ ഹോളി എയ്ഞ്ചൽസ് കോൺവെന്റും അടുത്ത ഒരു വർഷം നീളുന്ന ആദ്ധ്യാത്മികവും ഭൗതികവുമായ വിവിധ പരിപാടികളാണ് അതിനായി വിഭാവനം ചെയ്തിരിക്കുന്നത്. 2024 മെയ് 12 ന് പറവൂർ ഡോൺ ബോസ്കോ പള്ളിയിൽ അഭിവന്ദ്യ അംബ്രോസ് പുത്തൻവീട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിലുള്ള ദിവ്യബലിയോടുകൂടി 200-ാം ജന്മശതാബ്ദിയുടെ ആഘോഷ പരിപാടികൾക്ക് തിരിതെളിയുമ്പോൾ കർമ്മലീത്താ, ആദ്ധ്യാത്മികത സ്വായത്തമാക്കിക്കൊണ്ട് വിശുദ്ധമായ വഴികളിലൂടെ നടന്ന വാഴ്ത്തപ്പെട്ട മരിയ തെരേസ സ്ക്രില്ലിയുടെ ജീവചരിത്രത്തിലേക്ക് ഒന്നു കടന്നുചെല്ലാം.

ഇറ്റലിയിലെ ഫ്ളോറൻസിൽ മൊന്തേവാക്കി എന്ന കൊച്ചുഗ്രാമത്തിൽ ഇറനെയോ സ്ക്രില്ലിയുടെയും സെറാഫിന ചെക്കുച്ചിയുടെയും രണ്ടാമത്തെ മകളായി 1825 മെയ് 15 ന് മരിയ ജനിച്ചു. ഒരു ആൺകുഞ്ഞിനെ പ്രതീക്ഷിച്ച അമ്മയ്ക്ക് അവളുടെ ജനനം അത്ര സന്തോഷം നൽകുന്നതായിരുന്നില്ല. അതുകൊണ്ടുതന്നെ ജനിച്ച് ഏതാനും മണിക്കൂറുകൾ കഴിഞ്ഞയുടനെ ആരുമറിയാതെ അവളുടെ ജ്ഞാനസ്നാനം നടത്തി. എന്നാൽ അവൾക്കായി മനസ്സിൽ കരുതിയ **'പൾമീറ'** എന്ന പേര് പള്ളിയിലെത്തിയപ്പോൾ മറന്നുപോയി. അതിനാൽ വൈദികൻ പേരു ചോദിച്ചപ്പോൾ അവളുടെ ആന്റി **'മരിയ'** എന്ന പേരു നൽകി. അങ്ങനെ അവളുടെ പേരിടൽ പോലും ഒരു ദൈവനിയോഗമായി മാറി. കുഞ്ഞുമരിയയെ അപ്പന് വളരെ ഇഷ്ടമായിരുന്നു. അവളുടെ ലാളിത്യവും കൊഞ്ചലുമൊക്കെ അപ്പന് ഏറെ സന്തോഷം നൽകിയിരുന്നു. അമ്മയുടെ സ്നേഹം കുറഞ്ഞപ്പോൾ അപ്പൻ അതിലേറെ അവളെ സ്നേഹിച്ചു. അവളെന്നും തന്റെ കൂടെയുണ്ടാകണം എന്നാഗ്രഹിച്ചു. എന്നാൽ ദൈവഹിതം നേരെ മറിച്ചായിരുന്നു.

മാതാവിന്റെ ഉദരത്തിൽ രൂപംകൊള്ളുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു എന്ന്

പ്രവാചകൻ പറയുന്നതുപോലെ ഈ ഭൂമിയിലേക്ക് അയയ്ക്കുന്ന മനുഷ്യന്റെ ജീവിതം ദൈവം തന്റെ ഹൃദയത്തിലാണ് രേഖപ്പെടുത്തുന്നത് എന്നത് മരിയ സ്ക്രില്ലിയുടെ ജീവിതത്തിലും നിറവേറി. അമ്മയുടെ ശിക്ഷണത്തിലും അപ്പന്റെ സ്നേഹവാത്സല്യത്തിലും വളർന്ന മരിയ നന്നേ ചെറുപ്പത്തിൽ തന്നെ ദിവ്യകാരുണ്യഭക്തിയിലും പരിശുദ്ധ അമ്മയോടുള്ള ആഴമായ ബന്ധത്തിലും വളർന്നു. അതിനാൽതന്നെ മരിയയ്ക്ക് ഏറെ ഇഷ്ടപ്പെട്ട പ്രാർത്ഥന ജപമാലയും ഈശോയുടെ പീഢാനുഭവ ധ്യാനവുമായിരുന്നു.

അന്നത്തെ ഫ്ളോറൻസിലെ സാമൂഹിക ചുറ്റുപാടുകൾ മരിയ ആഗ്രഹിച്ച തരത്തിലുള്ള ആത്മീയതയ്ക്ക് ചേരുന്നതായിരുന്നില്ല. ഭൗതികതയ്ക്കും ലോകാരൂപിയ്ക്കും മുൻഗണന കൊടുത്തിരുന്ന ഒരു ജനസമൂഹമായിരുന്നു അവൾക്ക് ചുറ്റും. എങ്കിലും സ്കൂളിലെ ഒഴിവുസമയങ്ങളിൽ മറ്റ് കുട്ടികളോടൊപ്പം വിനോദത്തിലേർപ്പെടുന്നതിനേക്കാൾ മരിയ ഇഷ്ടപ്പെട്ടിരുന്നത് അടുത്തുള്ള പള്ളിയിൽ പോയി ദിവ്യകാരുണ്യ നാഥനോടൊപ്പം തന്റെ സമയം പങ്കിടാനായിരുന്നു. പിന്നീടങ്ങോട്ട് തന്റെ സഹനങ്ങളെയും വേദനകളേക്കാളുപരി മറ്റുള്ളവരുടെ വേദനകളും സഹനങ്ങളും അവൾ ഏറ്റെടുത്തു. ചിലയവസരങ്ങളിൽ മറ്റുള്ളവരുടെ മാനസാന്തരത്തിനും രോഗസൗഖ്യത്തിനും വേണ്ടി സ്വന്തം ശരീരത്തിൽ ഈശോയുടെ പീഢാസഹനങ്ങൾ ചോദിച്ചുവാങ്ങി സഹിക്കുമായിരുന്നു.

ആത്മാക്കളെ നാഥനിലേക്ക് നയിക്കുകയെന്നതാണ് തന്റെ ഭാവിദൗത്യമെന്ന് മനസ്സിലാക്കിയ അവൾ അതിനായി തന്റെ മനസ്സിലെ ഒരുക്കി. തന്റെ വിളി അവിടെയല്ല എന്ന ഉൾവിളി തിരിച്ചറിഞ്ഞ അവൾ ഏതാനും മാസങ്ങൾക്കൊടുവിൽ അവിടെനിന്ന് വീണ്ടും വീട്ടിലെത്തി. ഈ തിരിച്ചുവരവ് മരിയയുടെ അപ്പന് വളരെ സന്തോഷം നൽകി. എന്നാൽ മരിയയുടെ മനസ്സ് അപ്പോഴും തന്റെ നാഥനുവേണ്ടി ദാഹിച്ചുകൊണ്ടേയിരുന്നു.

ഈ നാളുകളിൽ മരിയയുടെ പ്രാർത്ഥനയും ത്യാഗവും വഴി പല രോഗികളും സൗഖ്യം പ്രാപിച്ചു. അവരിൽ പ്രധാനിയാണ് ജിയോവാന്നി ബാപ്റ്റിസ്റ്റ് മർത്തീനി. ഇദ്ദേഹവും കുടുംബവും അന്നത്തെ ഭരണകാര്യങ്ങളിൽ വ്യാപൃതരായിരുന്നു. എന്നാൽ പിന്നീടങ്ങോട്ട് ഇദ്ദേഹത്തിൽ നിന്ന് ഒത്തിരിയേറെ തളർത്തുന്ന ജീവിതാനുഭവങ്ങൾ മരിയയ്ക്കുണ്ടായി.

"എല്ലാം അവസാനിച്ചുവെന്ന് മനുഷ്യൻ വിചാരിക്കുന്നിടത്തുനിന്ന് അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനാണ് ദൈവം." സാവധാനം വീട്ടിൽ പെൺകുട്ടികൾക്കായി ട്യൂഷനും തുന്നൽ പരിശീലനവും ആരംഭിച്ചു. പ്രാർത്ഥനാജീവിതവും ലോകത്തിലായിരുന്നുകൊണ്ട് ലോകത്തിലല്ലാതെ ജീവിച്ച ആത്മീയ ജീവിതവും ഒത്തിരി യുവതികളെ ആകർഷിച്ചു. അങ്ങനെ ഒരു ഭക്തസമൂഹമായി തന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. എന്നാൽ പിന്നീടങ്ങോട്ട് പല നല്ല മനുഷ്യരുടെയും ആത്മീയ പിതാക്കന്മാരുടെയും സഹായത്താൽ ഒരു സന്യാസ സമൂഹമായി വളർന്നു.

**ദൈവമഹത്വത്തിനായി ആത്മാക്കളെ നേടാനും ക്രിസ്തുവിന്റെ സഹനങ്ങളിൽ പങ്കാളികളാകാനും തന്റെ സഹോദരിമാരെ നിരന്തരം ഉദ്ബോധിപ്പിച്ചുകൊണ്ട് വിശുദ്ധിയുടെയും ധീരതയുടെയും മാതൃകയേകിയ മരിയ തെരേസ സ്ക്രില്ലി, 1889 നവംബർ 14 ന് തന്റെ ഇഹലോക ക്ലേശങ്ങൾക്ക് പൂർണ്ണ വിരാമമിട്ടു.**

വളരെ ചുരുങ്ങിയ എണ്ണം അംഗങ്ങൾ മാത്രമായിരുന്നു സ്ക്രില്ലിയുടെ മരണസമയത്ത് സഭയുടെ ആകെ സമ്പാദ്യം. മരിയ സ്ക്രില്ലിയുടെ മരണത്തോടെ സന്യാസസഭ അവസാനിച്ചുവെന്നും എല്ലാം കെട്ടടങ്ങിയെന്നും കരുതിയ ഇടത്തുനിന്ന് ദൈവം സ്ക്രില്ലിയെയും അവളിലൂടെ രൂപപ്പെട്ട സന്യാസ സമൂ



*"കർത്താവിന്റെ ശിക്ഷണത്തെ നിന്ദിക്കരുത് ; അവിടുത്തെ ശാസനത്തിൽ മടുപ്പുതോന്നുകയുമരുത്."*
സുഭാഷിതങ്ങൾ 3 : 11

ഹത്തെയും ഉയർത്തുകയായിരുന്നു. 2025 മെയ് 15 ന് മരിയ തെരേസ സ്ക്രില്ലിയുടെ 200–ാം ജന്മശദാബ്ദി ആഘോഷിക്കാനൊരുങ്ങുമ്പോൾ, ഇറ്റലിയിലെ ഒരു സാധാരണ പെൺകുട്ടി കൊളുത്തിയ ദൈവസ്നേഹത്തിന്റെ ജ്വാല ഇന്ന് ലോകത്തിന്റെ നാനാഭാഗങ്ങളിൽ പടർന്നുകൊണ്ടിരിക്കുന്നു. വെറും നാല് പേരിൽ അന്ന് അവസാനിക്കാമായിരുന്ന സന്യാസസഭ Congregation of Carmelite Sisters, Institute of Our Lady of Carmel എന്ന പേരിൽ ലോകത്തിന്റെ പലയിടങ്ങളിലായി സേവനമനുഷ്ഠിച്ചു മുന്നേറുമ്പോൾ ദൈവകരുണയും ദൈവപരിപാലനയും ഞങ്ങൾ ധാരാളമായി അനുഭവിച്ചറിയുന്നു. ഒപ്പം ഒരു മുന്നണിപ്പോരാളിയെപ്പോലെ, സ്വർഗത്തിൽ തന്റെ നിരന്തര മാദ്ധ്യസ്ഥത്താൽ, ഞങ്ങളുടെ സഭയെ നയിക്കുന്ന വാഴ്ത്തപ്പെട്ട മരിയ തെരേസ സ്ക്രില്ലിയുടെ വാത്സല്യവും. ■








**മെയ് 3**

**24 വർഷത്തെ പൗരോഹിത്യജീവിതം പൂർത്തിയാക്കുന്ന ഞങ്ങളുടെ പ്രിയ ബഹുമാനപ്പെട്ട**

**ജോയ് കല്ലറക്കൽ അച്ചന്**

**പ്രാർത്ഥനാശംസകൾ...**





കൊച്ചച്ചൻ, സിസ്റ്റേഴ്സ്,
മതബോധന വിഭാഗം,
ഡോൺ ബോസ്കോ ഇടവക, പറവൂർ

അയൽക്കൂട്ടം

1 പത്രോസ് 5:1-4



ഫാ. മിഥിൻ ടൈറ്റസ്
പുളിക്കത്തറ



# നാം പ്രകാശത്തിന്റെ പോരാളികൾ

**ദൈ**വത്തിന്റെ ആട്ടിൻകൂട്ടത്തെ താഴ്മയോടെയും ഉത്സാഹത്തോടെയും യഥാർത്ഥ കരുതലോടെയും മേയിക്കാൻ അപ്പോസ്തലനായ പത്രോസ് സഭയിലെ അംഗങ്ങളെ ഉദ്ബോധിപ്പിക്കുന്നു. നിർബന്ധം കൊണ്ടോ, വ്യക്തിപരമായ നേട്ടത്തിനോ അല്ല, മറിച്ച് സ്വമേധയാ നിസ്വാർത്ഥമായി സേവിക്കണമെന്നും അവരെ പ്രേരിപ്പിക്കുന്നു. ആട്ടിൻകൂട്ടത്തിന് മാതൃകയായി, മാതൃകാപരമായി നയിക്കാനുള്ള ഇടയന്മാരുടെ ഉത്തരവാദിത്തത്തെ അടിവരയിടുന്നു. ക്രിസ്തുവിന്റെ മാതൃക അനുകരിക്കാനും വിനയത്തോടും അനുകമ്പയോടുംകൂടെ ആട്ടിൻകൂട്ടത്തെ മേയിക്കാനും എല്ലാറ്റിനുമുപരിയായി വിശ്വാസികളുടെ ആത്മീയ ക്ഷേമത്തിനും മുൻഗണന നൽകാനും സഭയ്ക്കുള്ളിലെ നേതൃത്വം വിശുദ്ധമായ ഒരു വിശ്വാസമാണെന്നും, താഴ്മയോടും സത്യസന്ധതയോടും സ്നേഹത്തോടും കൂടി വിനിയോഗിക്കാനുള്ള ആഹ്വാനം ആണെന്നും അത് നമ്മെ ഓർമ്മിപ്പിക്കുന്നു.

ക്രിസ്തു ജനതകളുടെ വെളിച്ചമാണ്. എല്ലാ മനുഷ്യരാശിക്കും പ്രകാശത്തിന്റെയും പ്രബുദ്ധതയുടെയും രക്ഷയുടെയും ആത്യന്തിക ഉറവിടം യേശുക്രിസ്തുവാണ്. പാപത്തിന്റെയും അജ്ഞതയുടെയും അന്ധകാരത്തെ അകറ്റുകയും സത്യത്തിന്റെയും വീണ്ടെടുപ്പിന്റെയും പാതയിലേക്ക് മനുഷ്യരാശിയെ നയിക്കുകയും ചെയ്യുന്ന ക്രിസ്തു ലോകത്തിന്റെ പ്രകാശമാണ്. കൂടാതെ, ക്രിസ്തുവിന്റെ വെളിച്ചം എല്ലാ മനുഷ്യരിലേക്കും എത്തിക്കുകയും എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഖ്യാപിക്കുകയും ചെയ്യുക എന്നതു സഭയുടെ ദൗത്യവുമാണ്. ഈ ദൗത്യം കേവലം ഒരു മാനുഷിക ഉദ്യമമല്ല, മറിച്ച് സദ്വാർത്ത പ്രചരിപ്പിക്കാനുള്ള സഭയുടെ ശ്രമങ്ങളെ ശക്തിപ്പെടുത്തുകയും സജീവമാക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ആണ്.

ക്രിസ്തുവിന്റെ പ്രകാശം സഭയുടെ മുഖത്തു വെളിച്ചത്തിന്റെ തേജസ് ആയി പ്രതിഫലിക്കേണ്ടതുണ്ട്. സഭയെ അഭിമുഖീകരിക്കുന്ന എല്ലാവർക്കും സഭ ക്രിസ്തുവിന്റെ പ്രത്യാശയുടെയും രക്ഷയുടെയും വെളിച്ചമായി പ്രകാശിക്കണം. സഭയിലെ കൂദാശകൾ ആന്തരിക യാഥാർത്ഥ്യത്തിന്റെ ബാഹ്യ അടയാളമായിരിക്കുന്നതുപോലെ, സഭയും ലോകത്തിൽ ദൈവത്തിന്റെ സാന്നിധ്യത്തിന്റെ ദൃശ്യമായ പ്രകടനമാണ്. ക്രിസ്തുവിൽ, സഭ ദൈവവുമായി അടുത്ത് ഐക്യപ്പെടുകയും അവന്റെ കൃപയുടെയും സ്നേഹത്തിന്റെയും ഉപകരണമായി വർത്തിക്കുകയും ചെ



"വിജ്ഞാനവും ഉൾക്കാഴ്ചയും നേടുക."
സുഭാഷിതങ്ങൾ 4 : 5

യ്യുന്നു. മനുഷ്യരാശിയുടെയും ഐക്യത്തിന്റെ അടയാളമാണ് സഭ, എല്ലാ ആളുകളെയും അവരുടെ പൊതു മാനവികത ഉൾക്കൊള്ളാനും പൊതുനന്മയ്ക്കായി പ്രവർത്തിക്കാനും സഭ ആഹ്വാനം ചെയ്യുന്നു.

ക്രിസ്തു ലോകത്തിന്റെ പ്രകാശം ആണെങ്കിൽ നാം പ്രകാശത്തിന്റെ പോരാളികൾ ആണ്. പ്രകാശത്തിന്റെ പോരാളികൾ അന്ധകാരത്തെ കീഴ്പ്പെടുത്തുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. നമ്മുക്ക് അന്ധകാരത്തിന്റെ പോരാളികൾ ആകേണ്ട, മറിച്ച് ക്രിസ്തുവാകുന്ന പ്രകാശത്തിന്റെ പോരാളികൾ ആകാം.

ചർച്ച :

1. ***ആധുനിക ലോകത്തിൽ ക്രിസ്തുവിന്റെ പ്രകാശം മറ്റുള്ളവരിലേക്ക് എത്തിക്കാൻ നമുക്കുള്ള മാർഗ്ഗങ്ങൾ എത്രമാത്രം ഫലപ്രദമാണ് ?***

2. ***ക്രിസ്തു ജനതകളുടെ പ്രകാശമാണെന്ന് പറഞ്ഞുവെക്കുമ്പോൾ ക്രിസ്തുവാകുന്ന പ്രകാശം മറ്റുള്ള മനുഷ്യർക്കും വഴിതെളിക്കേണ്ടതല്ലേ? ഇന്നത്തെ കാലഘട്ടത്തിൽ ഈ ആശയം മുൻനിർത്തി എപ്രകാരം മതസൗഹാർദ്ദ പരിപാടികൾ ആവിഷ്കരിക്കാൻ സാധിക്കും.***

■

**ഫാമിലി അപ്പസ്തോലേറ്റിന്റെ മെയ് മാസത്തെ പരിപാടികൾ**

**10, 11 & 12 തീയതികളിൽ വിവാഹ ഒരുക്ക കോഴ്സ്**

**12-ാം തീയതി** വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുള്ള **സെമിനാർ** (2pm - 4 pm)

## കോട്ടപ്പുറം രൂപതയിൽ ഹോം മിഷൻ ഉദ്ഘാടനം ചെയ്തു



കുടുംബ നവീകരണം ലക്ഷ്യം വച്ചുകൊണ്ട് കോട്ടപ്പുറം രൂപത ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ കോട്ടപ്പുറം രൂപതയിലെ ഇടവകകളിൽ ഹോം മിഷൻ നടത്തുന്നതിനുള്ള സിസ്റ്റേഴ്സിന്റെ ട്രെയിനിങ് പ്രോഗ്രാം കോട്ടപ്പുറം രൂപത ബിഷപ്പ് റൈറ്റ്. റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ ഹോളി ഫാമിലി സിസ്റ്റർ ജനവീവ ആശംസകൾ നേർന്നു സംസാരിച്ചു. കോട്ടപ്പുറം രൂപത ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ ഫാ. നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരി സ്വാഗതവും കംപാഷ്നേറ്റ് സിസ്റ്റേഴ്സ് സെർവൻസ് ഓഫ് മേരി സി. സിനി മാത്യു നന്ദിയും അർപ്പിച്ചു. കോട്ടപ്പുറം രൂപത വികാർ ജനറൽ മോൺ. റോക്കി റോബി കളത്തിൽ, കെ. ആർ. എൽ. സി. സി. അസോസിയേറ്റ് സെക്രട്ടറി റവ. ഡോ. ജിജു അറക്കത്തറ, ഹോളി ഫാമിലി സിസ്റ്റർ റവ. ഡോ. റോസ് ജോസ്, സിസ്റ്റർ ദിയ, സിസ്റ്റർ ജനവീവ എന്നിവർ ക്ലാസുകൾ നയിച്ചു.

# ഡോൺ ബോസ്കോ ആശുപത്രിയിൽ നിന്നും ഹോം കെയർ സേവനം



ഡോൺ ബോസ്കോ ആശുപത്രിയിൽ 30-ാം വാർഷികത്തോടനുബന്ധിച്ച് പുതുതായി ആരംഭിക്കുന്ന ഹോം കെയർ സേവനം ബഹുമാന്യനായ നോർത്ത് പറവൂർ സബ് ഇൻസ്പെക്ടർ ശ്രീ. ലിജോ പി. മണി ഫ്ളാഗ് ഓഫ് ചെയ്തു. ആശുപത്രിയിലെത്തിച്ച് ചികിത്സ ഉറപ്പുവരുത്താൻ കഴിയാത്ത സാഹചര്യത്തിലുള്ള രോഗികൾക്ക് ഈ സേവനം ഏറെ സ്വീകാര്യവും ആശ്വാസപ്രദവും ആകുമെന്ന് ആശുപത്രി ഡയറക്ടർ ഫാ. ക്ലോഡിൻ ബിവേര അറിയിച്ചു. യൂറോപ്യൻ രാജ്യങ്ങളിൽ ഒന്നര പതിറ്റാണ്ടിലേറെക്കാലം പ്രവർത്തിച്ചിട്ടുള്ള ഡോ. നിഷ നങ്ങേത്ത് ആണ് ഈ പുതിയ സംരംഭത്തിന് നേതൃത്വം നൽകുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഷിബിൻ കൂളിയത്ത്, സി.ഒ.ഒ. മുരളീധരൻ. മെഡിക്കൽ സുപ്രണ്ടന്റ് ഡോ. പി.കെ. കുഞ്ചെറിയ എന്നിവർ പ്രസംഗിച്ചു.

## പള്ളിപ്പുറം സെന്റ് മേരീസിന് മധുരമായി മധുരം മലയാളം പദ്ധതി



പള്ളിപ്പുറം: സെന്റ് മേരീസ് ഹൈസ്ക്കൂളിൽ മധുരം മലയാളം പദ്ധതി ആരംഭിച്ചു. അവധിക്കാലത്ത് വിദ്യാർത്ഥികളിൽ വായനാശീലം ഒന്നുകൂടി ഊട്ടി ഉറപ്പിക്കുന്നതിനുവേണ്ടി വിദ്യഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് മധുരം മലയാളം. അവധിക്കാലം കഴിഞ്ഞ് വിദ്യാലയത്തിലേക്കെത്തുമ്പോൾ ഓരോ വിദ്യാർത്ഥിയും അവരുടെ വായനാനുഭവങ്ങൾ ക്ലാസിൽ പങ്കുവയ്ക്കുകയും ചെയ്യുന്നു. പദ്ധതിയുടെ ഉദ്ഘാടനം വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾ കൈമാറിക്കൊണ്ട് പ്രധാന അധ്യാപകൻ സേവ്യർ പുതുശ്ശേരി നിർവഹിച്ചു.

## മനുഷ്യവിഭവശേഷിയെ ക്രിയാത്മകമായി ഉപയോഗിക്കണം: ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

കോട്ടപ്പുറം: കോട്ടപ്പുറം രൂപതയുടെ വിവിധ മേഖലകളിലെ സമഗ്ര വികസനത്തിനായി മനുഷ്യവിഭവശേഷിയെ ക്രിയാത്മകമായും ലക്ഷ്യബോധത്തോടെയും ഉപയോഗിക്കുവാൻ ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ ആഹ്വാനം ചെയ്തു. കോട്ടപ്പുറം രൂപതയിലെ മിനിസ്ട്രി കോഡിനേറ്റർമാരുടെ യോഗം കോട്ടപ്പുറം വികാസ് ആൽബർട്ടൈൻ അനിമേഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കെആർഎൽസിസി ബിസിസി സെക്രട്ടറി ഫാ. ജോൺസൺ പുത്തൻവീട്ടിൽ ക്ലാസിന് നേതൃത്വം നൽകി. വികാർ ജനറൽ മോൺസിഞ്ഞോർ റോക്കി റോബി കളത്തിൽ, രൂപത മിനിസ്ട്രി കോഡിനേറ്റർ ഫാ. ജോയ് കല്ലറക്കൽ എന്നിവർ പ്രസംഗിച്ചു. രൂപതയിലെ വിവിധ മിനിസ്ട്രി ഡയറക്ടർമാരായ വൈദികർ യോഗത്തിൽ പങ്കെടുത്തു.





"ജ്ഞാനം സമ്പാദിക്കുകയാണ് സർവ്വപ്രധാനം. എന്തു ത്യജിച്ചും ജ്ഞാനം സമ്പാദിക്കുക." സുഭാഷിതങ്ങൾ 4 : 7

## 'ഉണർവ് 2024'

### പൂമുട്ടുകളുടെ വാർഷിക സംഗമം



'ഉള്ളറിഞ്ഞ് ഉയരങ്ങളിലേക്ക്' എന്ന ആശയവുമായി, കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കുട്ടികളുടെ വിഭാഗമായ പൂമൊട്ടുകളുടെ സംഗമം; ഉണർവ് 2024 ഏപ്രിൽ നാലാം തീയതി 10 മണിക്ക് കോട്ടപ്പുറം സെന്റ് ജോൺപോൾ ഹോളിൽ അഭിവന്ദ്യ അംബ്രോസ് പുത്തൻവീട്ടിൽ പിതാവിന്റെ അധ്യക്ഷതയിൽ പ്രശസ്ത ബാലചലച്ചിത്രതാരം മാസ്റ്റർ ഡാവിഞ്ചി സന്തോഷ് ഉദ്ഘാടനം നിർവഹിച്ചു. പ്രസ്തുത യോഗത്തിൽ പൂമൊട്ടുകൾ ചിറകുകൾ മുളച്ചു വളർന്ന് ഉയരങ്ങളിലേക്ക് എത്തണമെന്നും ഒരു വ്യക്തി ആരായിത്തീരണമെന്നും, തന്റേതായ ഉദാഹരണത്തിലൂടെ അധ്യക്ഷ പ്രസംഗത്തിൽ പിതാവ് വ്യക്തമാക്കുകയുണ്ടായി. തുടർന്ന് മുഖ്യാതിഥി, അധ്യാപകനും കോമഡി ആർട്ടിസ്റ്റ് ആർട്ടിസ്റ്റുമായ ശ്രീമാൻ സുധീഷ് അഞ്ചേരി നർമ്മബോധത്തിൽ കുട്ടികളെ രസിപ്പിക്കുകയുണ്ടായി. തദവസരത്തിൽ കിഡ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാദർ പോൾ തോമസ് കളത്തിൽ സ്വാഗതം അർപ്പിക്കുകയും, അസിസ്റ്റന്റ് ഡയറക്ടർമാരായ റവ. ഫാദർ ബിയോൺ തോമസ് കോണത്ത്, റവ. ഫാ. എബിനേസർ ആന്റണി കാട്ടിപറമ്പിൽ, ട്രെയിനർ ആൻഡ് ലൈഫ് കോച്ചു മായ ശ്രീ. കെ.പി. ആർ നാഥൻ ആശംസകൾ അർപ്പിച്ചു. യോഗം പൂമൊട്ട് കോഡിനേറ്റർ ആയ റവ. സിസ്റ്റർ ഷൈനി മോളുടെ നന്ദിയോട് കൂടി അവസാനിച്ചു.



## കെ.എൽ.സി.എ വാർഷികം

ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് ഉടൻ പുറത്തുവിടണമെന്നും ശുപാർശകൾ നടപ്പിലാക്കണമെന്നും കെ.എൽ.സി.എ. ലത്തീൻ കത്തോലിക്കരുടെ വിദ്യാഭ്യാസ-സാമൂഹിക -സാമ്പത്തിക പിന്നാക്കാവസ്ഥ പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് ജെ.ബി കോശി കമ്മീഷൻ റിപ്പോർട്ട് ഉടൻ പുറത്തുവിടണമെന്നും ശുപാർശകൾ നടപ്പിലാക്കണമെന്നും കെ.എൽ.സി.എ. ആവശ്യപ്പെട്ടു. 2024 ഏപ്രിൽ 7-ാം തിയ്യതി ഞായറാഴ്ച്ച കെ.എൽ.സി.എ.യുടെ 52-ാമത് വാർഷിക ആഘോഷ പരിപാടികളുടെ ഭാഗമായി കോട്ടപ്പുറം കത്തീഡ്രൽ ഇടവകയിൽ നടത്തപ്പെട്ട സമ്മേളനത്തിലാണ് ഈ ആവശ്യം ഉന്നയിക്കപ്പെട്ടത്. ആഘോഷങ്ങളുടെ ഉദ്ഘാടനം കത്തീഡ്രൽ ഇടവക വികാരി ഫാ. ജാക്സൺ വലിയപറമ്പിൽ നിർവഹിച്ചു.

## അത്ഭുതമായി കൈയ്യെഴുത്ത് പ്രതികൾ



മലയാളം, ഇംഗ്ലീഷ്, തമിഴ്, ഹിന്ദി, മറാത്തി എന്നീ ഭാഷകളിൽ കയ്യെഴുത്തുപ്രതിയായി ബൈബിൾ തയ്യാറാക്കിയ കൊടുങ്ങല്ലൂർ സെന്റ് തോമസ് ഇടവകാംഗമായ ജോയ് വാർപുരയിടത്തിനെ കോട്ടപ്പുറം രൂപതാ ബൈബിൾ കൺവെൻഷന്റെ സമാപന ദിവസം അഭിവന്ദ്യ അംബ്രോസ് പുത്തൻവീട്ടിൽ പിതാവ് അനുമോദിച്ചു.

## ജീവിതം പ്രത്യാശയിലേക്കുള്ള യാത്രയാണ്: ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ



വിശുദ്ധിയിൽ നിറഞ്ഞ ജീവിതം പ്രത്യാശയിലേക്കുള്ള യാത്രയാണെന്ന് ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ അഭിപ്രായപ്പെട്ടു. കോട്ടപ്പുറം രൂപതയുടെ 10-ാമത് ബൈബിൾ കൺവെൻഷൻ 'കൃപാഗ്നി 2024' കോട്ടപ്പുറം കത്തീഡ്രൽ മൈതാനിയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ബ്രദർ സാബു ആറുതൊട്ടിയിലാണ് ഈ വർഷത്തെ കൺവെൻഷൻ നയിച്ചത്. കൺവെൻഷൻ ഉദ്ഘാടനത്തോടനുബന്ധിച്ച് ബൈബിൾ പ്രതിഷ്ഠ നടത്തുകയും തുടർന്ന് ബിഷപ്പ് അംബ്രോസിന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. തുടർന്ന് ബ്രദർ സാബു ആറുതൊട്ടിയിൽ എഴുതിയ 'ബന്ധിതർക്ക് മോചനം' പുസ്തകം ബിഷപ്പ് പ്രകാശനം ചെയ്തു. രൂപത വികാർ ജനറൽ മോൺ. റോക്കി റോബി കളത്തിൽ, ചാൻസലർ ഫാ. ഷാബു കുന്നത്തൂർ, കരിസ്മാറ്റിക്ക് ഡയറക്ടർ ഫ്രാൻസൻ കുരിശിങ്കൽ, കത്തീഡ്രൽ വികാരി ഫാ. ജാക്സൺ വലിയപറമ്പിൽ, ഫാ. അനീഷ് പുത്തൻപറമ്പിൽ, ഫാ. ക്രിസ്റ്റി മരത്തോന്ത്ര രൂപത പിആർഒ ഫാ. ആന്റൺ ജോസഫ് ഇലഞ്ഞിക്കൽ എന്നിവർ സന്നിഹിതരായിരുന്നു. ഏപ്രിൽ 21ന് കൺവെൻഷൻ സമാപിച്ചു. എല്ലാ ദിവസവും വൈകുന്നേരം 5 മുതൽ 9.30 വരെ ജപമാല, ദിവ്യബലി, ഗാനശുശ്രൂഷ, വചന പ്രഘോഷണം ദിവ്യകാരുണ്യ ആരാധന, രോഗശാന്തി ശുശ്രൂഷ എന്നിവ ഉണ്ടായിരുന്നു.

## Vacation Faith Festival (VFF) 2023 - 2024



VFF Training Programme 2024 ഏപ്രിൽ 14-ാം തിയ്യതി ഞായറാഴ്ച വികാസ് ആൽബർട്ടൈൻ ആനിമേഷൻ സെന്ററിൽ വച്ച് രാവിലെ 9.30 മുതൽ വൈകിട്ട് 4 മണി വരെ നടത്തപ്പെട്ടു. റവ.ഫാ.മാത്യു പുതിയാത്ത് (Secretary, KRLCBC Commission for Catechesis) പതാക ഉയർത്തി. തുടർന്ന് ബൈബിൾ പ്രതിഷ്ഠ നടത്തി. രൂപതാ മതബോധന ഡയറക്ടർ റവ.ഫാ. സിജോ വേലിക്കകത്തോട്ട് എല്ലാവരേയും സ്വാഗതം ചെയ്തു. KRLCBC Commission അംഗങ്ങളായ അഡ്വ. ഷൈജു ആന്റണി, ശ്രീ. തോമസ് കെ. സ്റ്റീഫൻ, ശ്രീ. ബി.എസ് അനിൽ. ശ്രീ. ബോബൻ ക്ലീറ്റസ് എന്നിവർ ക്ലാസ്സിന് നേതൃത്വം നൽകി. സെമിനാരി ബ്രദേഴ്സും വിവിധ യൂണിറ്റുകളിൽ നിന്നുള്ള അദ്ധ്യാപകരും പിടിഎ അംഗങ്ങളും ഉൾപ്പെടെ ഇരുന്നൂറോളം പേർ VFF Training Programme ൽ പങ്കെടുത്തു.





"ജ്ഞാനിയായ മകൻ പിതാവിന് ആനന്ദമേകുന്നു;
ഭോഷനായ മകനാകട്ടെ അമ്മയ്ക്കു ദുഃഖവും." സുഭാഷിതങ്ങൾ 10 : 1



## കോട്ടപ്പുറം രൂപതയിലെ ഹോം മിഷൻ കൊത്തെലെൻഗോ ഇടവകയിൽ ആരംഭിച്ചു.

കുടുംബ നവീകരണത്തിന്റെ ഭാഗമായി കോട്ടപ്പുറം രൂപത ഈ വർഷം ഇടവകകളിൽ ഹോം മിഷന് തുടക്കമിട്ടു. സിസ്റ്റേഴ്സിന്റെ ട്രെയിനിംഗ് പ്രോഗ്രാമിന് ശേഷം തുടക്കമിടുന്ന ഇടവകയായ സെന്റ് ജോസഫ് കൊത്തെലെൻഗോ പള്ളിയിൽ 15, 16, 17 തിയതികളിൽ ഹോം മിഷൻ നടക്കുന്നു. ഇതിന്റെ ഉദ്ഘാടനം ഇടവക വികാരി റവ. ഫാ. റെക്സൺ പിന്റോ നിർവഹിച്ചു. കോട്ടപ്പുറം ഫാമിലി അപ്പോസ്തോലേറ്റ് ഡയറക്ടർ ഫാ. നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരി സന്നിഹിതനായിരുന്നു. രൂപതയിലെ വിവിധ കോൺഗ്രിഗേഷനിൽ നിന്നുള്ള 12 സിസ്റ്റേഴ്സ് ആണ് കൊത്തെലെൻഗോ ഇടവകയിൽ ഹോം മിഷൻ നടത്തുന്നത്.

## പകുതി വിലയിൽ സ്ത്രീകൾക്ക് വാഹനങ്ങൾ നൽകി കിഡ്സ്



സന്നദ്ധ സംഘടനകളുടെ കൂട്ടായ്മയായ നാഷ്ണൽ എൻ.ജി.ഒ. കോൺഫെഡറേഷനും കോട്ടപ്പുറം ഇൻറഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റി (കിഡ്സ്)യും ചേർന്ന് ജോലി ചെയ്യുന്ന വനിതകൾക്ക് 50% വരെ സാമ്പത്തിക സഹായത്തോടെ നൽകുന്ന ഇരുചക്ര വാഹന വിതരണം 'Women on Wheels Programme 2024 ഏപ്രിൽ 22 -ാം തിയിതി വൈകീട്ട് 4.00ന് മുസരിസ് ആക്ടിവിറ്റി സെന്ററിൽ വെച്ച് നടത്തി. പരിപാടിയുടെ ഉദ്ഘാടനം കോട്ടപ്പുറം രൂപത മെത്രാൻ റൈറ്റ് റവ.ഡോ. അംബ്രോസ് പുത്തൻവീട്ടിൽ നിർവ്വഹിച്ചു. നാഷ്ണൽ എൻ.ജി.ഒ. കോൺഫെഡറേഷൻ ചെയർമാൻ ശ്രീ കെ.എൻ. അനന്തകുമാർ അദ്ധ്യക്ഷനായ യോഗത്തിൽ കിഡ്സ് ഡയറക്ടർ റവ. ഫാ. പോൾ തോമസ് കളത്തിൽ സ്വാഗതം ആശംസിക്കുകയും നാഷ്ണൽ എൻ.ജി.ഒ. കോൺഫെഡറേഷൻ കോ-ഓഡിനേറ്റർ ശ്രീ. അനന്തുകൃഷ്ണൻ പദ്ധതി വിശദീകരണം നടത്തുകയും ചെയ്തു. എൻ.ജി.ഒ. കോൺഫെഡറേഷൻ തൃശ്ശൂർ സെക്രട്ടറി ശ്രീ. മുഹമ്മദ് സഫീർ, കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രൽപള്ളി വികാരി റവ. ഫാ. ജാക്സൺ വലിയപ്പറമ്പിൽ, കിഡ്സ് അസി. ഡയറക്ടർ റവ. ഫാ. ബിയോൺ തോമസ് കോണത്ത് എന്നിവർ ആശംസയർപ്പിച്ചു സംസാരിച്ചു. കിഡ്സ് അസി. ഡയറക്ടർ റവ. ഫാ. എബ്നേസർ ആന്റണി കാട്ടിപ്പറമ്പിൽ നന്ദിപറഞ്ഞു. ആദ്യഘട്ടത്തിൽ 80 വാഹനങ്ങളാണ് കൈമാറിയത്. വനിതകളെ സ്വയംപര്യാപ്തതയിലേക്കും സംരഭവികസനത്തിലേക്കും സുസ്ഥിര വരുമാനമാർക്ഷത്തിലേക്കും നയിക്കുന്നതിന്റെ ഭാഗമായ് ഇരുചക്ര വഹാനങ്ങൾ കൂടാതെ തയ്യൽ മെഷീനുകൾ, ലാപ്ടോപുകൾ, കാർഷീക ഉൽപ്പന്നങ്ങൾ തുടങ്ങിയ പദ്ധതികളും 50% സാമ്പത്തീക സഹായത്തോടെ ചെയ്തുവരുന്നു.



## പനോരമ അന്താരാഷ്ട്ര സാഹിത്യ പുരസ്കാരത്തിന് ഡോ. മിലൻ ഫ്രാൻസ് അർഹയായി

കോട്ടപ്പുറം : 2024 വർഷത്തിലെ പനോരമ അന്താരാഷ്ട്ര സാഹിത്യ പുരസ്കാരത്തിന് കോട്ടപ്പുറം രൂപതാംഗമായ ഡോ. മിലൻ ഫ്രാൻസ് അർഹയായി. ഇറ്റലി ആസ്ഥാനമായ റൈറ്റേഴ്സ് ഇന്റർനാഷണൽ ഫൗണ്ടേഷതാണ് പുരസ്ക്കാരം നൽക്കുന്നത്. സാഹിത്യ മേഖലയിൽ അസാധാരണ പ്രതിഭയും മികവും പുലർത്തിയ എഴുത്തുകാർക്കാണ് പുരസ്കാരം നൽകുന്നത്. ആലുവ സെന്റ് സേവിയേഴ്സ് കോളേജിലെ പ്രിൻസിപ്പലായി സേവനം ചെയ്യുന്ന ഡോക്ടർ മിലൻ ഫ്രാൻസ് ഇംഗ്ലീഷ് വിഭാഗം മേധാവിയായിരുന്നു. കോട്ടപ്പുറം രൂപതയിലെ പള്ളിപ്പുറം മഞ്ഞുമാതാ ബസിലിക്ക ഇടവകാംഗമാണ്. കലാസാംസ്കാരിക രംഗത്തെ നിറസാന്നിധ്യമായ ഡോ. മിലൻ ഫ്രാൻസ് നിരവധി സാഹിത്യ സൃഷ്ടികൾ രചിച്ചിട്ടുണ്ട്. ദേശീയ അന്തർദേശീയ തലങ്ങളിൽ മുപ്പതോളം ഗവേഷണലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ബിരുദ ബിരുദാനന്തര ബിരുദ വിഭാഗങ്ങളിലെ പരീക്ഷാ ബോർഡിന്റെ ചെയർപേഴ്സൺ, നിരവധി സർവകലാശാലകളുടെ വിഷയവിദഗ്ധ പാനൽ അംഗമായും സേവനം ചെയ്തിട്ടുണ്ട്. അറിയപ്പെടുന്ന പ്രഭാഷകയാണ്.

## ബിഷപ്പ് ഡോ. വർഗ്ഗീസ് ചക്കാലക്കൽ സാമൂഹ്യ പ്രതിബദ്ധതയോടെ പ്രവർത്തിച്ച വ്യക്തിത്വം : മന്ത്രി പി രാജീവ്



കോട്ടപ്പുറം : കോഴിക്കോട് രൂപതാ അധ്യക്ഷനായ ബിഷപ്പ് ഡോ. വർഗീസ് ചക്കാലക്കൽ കണ്ണൂരിലും കോഴിക്കോടും കേരളത്തിൽ ഉടനീളവും സാമൂഹ്യപ്രതിബദ്ധതയോടെ പ്രവർത്തിച്ച വ്യക്തിത്വമാണെന്ന് മന്ത്രി പി. രാജീവ് അഭിപ്രായപ്പെട്ടു. കെആർഎൽസിസി പ്രസിഡന്റും കോഴിക്കോട് ബിഷപ്പുമായ ഡോ. വർഗ്ഗീസ് ചക്കാലക്കലിന്റെ മെത്രാഭിഷേക രതജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മാതൃ ഇടവകയായ മാളപള്ളിപ്പുറം സെന്റ് ആന്റണീസ് ദൈവാലയത്തിൽ അദ്ദേഹം കൃതജ്ഞതാബലി അർപ്പിച്ചു. വരാപ്പുഴ ആർച്ച്ബിഷപ്പ് എമിരിറ്റസ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ ആമുഖ പ്രഭാഷണവും ഇരിങ്ങാലക്കുട ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ വചനപ്രഘോഷണം നടത്തി. കോട്ടപ്പുറം ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ മുഖ്യസഹകാർമ്മിനായിരുന്നു. കേരളത്തിലെ വിവിധ രൂപതകളിൽ നിന്നുള്ള നിരവധി വൈദികർ സഹകരണകരായി. രൂപതയുടെ വിവിധ ഇടവകകളിൽ നിന്നായി അനേകം വിശ്വാസികൾ ആഘോഷങ്ങളിൽ പങ്കെടുത്തു. ദിവ്യബലിക്ക് ശേഷം നടക്കുന്ന അനുമോദന സമ്മേളനം വ്യവസായ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. കോട്ടപ്പുറം ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ അധ്യക്ഷമായിരുന്നു.



"ജ്ഞാനി കരുത്തനെക്കാൾ ബലവാനത്രേ; അറിവുള്ളവൻ ശക്തനെക്കാളും."
സുഭാഷിതങ്ങൾ 24 : 5



## പിൻമൊഴി

# ചെന്നായുടെ വായിൽ തലവച്ചു കൊടുക്കണമോ?

ഫാ. ജോസഫ് കുന്നത്തൂർ

**ആ**ലപ്പുഴ രൂപതയിലെ വൈദികനായ സേവ്യർ കുടിയാംശേരി ജീവനാദത്തിൽ പ്രസിദ്ധീകരിച്ച ലേഖനം ദൃശ്യമാധ്യമങ്ങളിൽ വിവാദം സൃഷ്ടിച്ചു. ലേഖനം മുന്നോട്ടു വയ്ക്കുന്ന ബിജെപി അനുകൂല നിലപാട് കുടിയാംശേരിയിൽ നിന്നും ഒട്ടും പ്രതീക്ഷിച്ചതല്ല. സഭാനേതൃത്വം രാഷ്ട്രീയ നിലപാടുകൾ സ്വീകരിക്കുമ്പോൾ കുറച്ചുകൂടി ജാഗ്രതയും അപഗ്രഥനപാടവവും അത്യന്താപേക്ഷിതമാണ്. അല്ലെങ്കിൽ കുശാഗ്രബുദ്ധികളായ രാഷ്ട്രീയക്കാരുടെ കൈകളിലെ ചട്ടുകങ്ങളായി നാം മാറും. റബ്ബറിന് 300 രൂപയാക്കിയാൽ ഞങ്ങൾ ബിജെപിയെ അനുകൂലിക്കാമെന്ന് ബിഷപ്പ് പാംപ്ലാനി പറഞ്ഞത് ഓർമ്മിക്കുമല്ലോ. ഈയിടെയായി ഒരു വെളിപാട് പോലെ ബിജെപി സ്വയം ക്രൈസ്തവ സംരക്ഷകരായി അവതരിപ്പിക്കുകയാണ്. **പൊള്ളയായ ഈ അവകാശവാദങ്ങളിൽ കുടുങ്ങി അവരുടെ കരവലയത്തിലേക്ക് പറന്നിറങ്ങുന്ന ഈയാംപാറ്റകളല്ല എന്നു തെളിയിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.**

ഇന്ന് ബിജെപിയെ പിന്താങ്ങുന്നതാണ് സഭയ്ക്കു നല്ലതെന്ന അഭിപ്രായപ്രകടനങ്ങൾ പല കോണുകളിൽ നിന്നും ഉയർന്നു വരുന്നുണ്ട്. ഇന്ത്യയിലെ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങൾ മനസ്സിലാക്കാതെയുള്ള ഈ അഭിപ്രായങ്ങൾ സഭയ്ക്ക് ഗുണകരമാവില്ല. ഇന്ത്യയിൽ സംഘപരിവാറിന്റെ നേതൃത്വത്തിൽ വളരെ വ്യാപകമായി ക്രൈസ്തവർക്കു നേരെ നടക്കുന്ന സംഘടിതമായ അക്രമങ്ങൾ ഇവർ അറിയുന്നില്ലേ? കണ്ണുണ്ടായിട്ടും നിങ്ങൾ കാണുന്നില്ലേ എന്ന യേശുവചനം ഇവിടെ പ്രസക്തമാണ്. എന്തൊക്കെ മറന്നാലും മണിപ്പൂരിനെ നമുക്കു വിസ്മരിക്കാനാവുമോ? ക്രൈസ്തവരെ ഉന്മൂലനം ചെയ്യുവാനുള്ള സംഘപരിവാറിന്റെ വളരെ ആസൂത്രിതമായ അജണ്ടയാണ് മണിപ്പൂരിൽ സമർത്ഥമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. **ആദിവാസികളുടെ അവകാശങ്ങൾക്കായി പോരാടിയ ഈശോസഭാ വൈദികൻ ഫാ. സ്റ്റാൻ സാമിയുടെ ജയിലിൽ കിടന്നുള്ള മരണം സഭാഗോത്രത്തിൽ സൃഷ്ടിച്ച വേദന ഇത്ര പെട്ടെന്ന് മാഞ്ഞുപോയോ? ഒരു ക്രിസ്തുമസ് പിറ്റേന്ന് ഒറീസ്സയിൽ ബഹുമാനപ്പെട്ട കർമ്മലീത്ത സിസ്റ്റേഴ്സിനും വൈദികർക്കും നേരെ നടമാടിയ അക്രമസംഭവങ്ങൾ മറക്കാൻ സമയമായോ?** ഈ തിരഞ്ഞെടുപ്പു കാലത്ത് പ്രധാനമന്ത്രിയ മോദിയിൽ നിന്നുണ്ടാകുന്ന വർഗീയവിഷം വമിക്കുന്ന തരംതാണ വർത്തമാനങ്ങൾ മനസ്സിലാക്കുവാൻ ത്രാണിയില്ലാത്തവരായി നാം മാറുകയാണോ? രാഷ്ട്രീയമായ നീക്കമാണെങ്കിൽപ്പോലും ഡൽഹി

"അവിടുന്ന് ഉപദേഷ്ടാക്കളുടെ ജ്ഞാനം ഉരിഞ്ഞുകളയുന്നു;
ന്യായാധിപൻമാരെ ഭോഷൻമാരാക്കുന്നു."
ജോബ് 12 : 17

മുഖ്യമന്ത്രിയായി ജനോപകാരപ്രദമായ ഒട്ടനവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയ കേജ്രിവാളിനെ ഇലക്ഷൻ പ്രഖ്യാപിച്ചതോടെ വ്യാജമായ അഴിമതി ആരോപണമുന്നയിച്ച് ജയിലിലടച്ചത് ജനാധിപത്യത്തിന്റെ കടക്കൽ കത്തിവയ്ക്കുന്ന ഏർപ്പാടല്ലേ? ഇതൊക്കെ വിസ്മരിച്ച് കണ്ണും കാതും കൊട്ടിയടച്ച് ഒരു രാഷ്ട്രീയ നിലപാട് സ്വീകരിക്കുവാൻ നമുക്കാവില്ല. അല്ലാത്തപക്ഷം നാം ഏറെ പ്രഘോഷിക്കുന്ന സത്യവും നീതിയും ധാർമ്മികതയും നമുക്ക് അന്യമായിത്തീരും. **താല്ക്കാലികമായ ലാഭവും നേട്ടവും മാത്രം നോക്കിയാൽ പോരാ, കേവലം തന്ത്രപരമായ സമീപനവും സഭയ്ക്ക് ഭൂഷണമല്ല.**

സഭയെ ഇന്ത്യയിൽ നിന്നും ഉന്മൂലനം ചെയ്യണമെന്ന് ശഠിക്കുന്ന ഒരു പ്രത്യയ ശാസ്ത്രത്തിനു മുൻപിൽ സ്വയം തലവച്ചു കൊടുക്കുന്നത് പമ്പര വിഡ്ഢിത്തമാകും. ഒരു ഹിന്ദുരാഷ്ട്രം സ്ഥാപിക്കുക എന്ന ഹിഡൻ അജണ്ടയുമായി മുന്നേറുന്ന സംഘപരിവാർ ശക്തികളുടെ തണൽ തേടുന്നത് ആപത്ക്കരവും ആത്മഹത്യാപരവുമായിരിക്കും. ക്രൈസ്തവർ ഇന്ത്യാക്കാരാണെന്നും ഇന്ത്യൻ സംസ്കാരത്തിന്റെ ഭാഗമാണെന്നും അവകാശപ്പെടുന്നത് പോത്തിന്റെ ചെവിയിൽ കിന്നരം വായിക്കുന്നതിന് സമമായിരിക്കും. സഭയും സമൂഹവും ഒറ്റക്കെട്ടായി നിന്ന് ചെറുത്തു തോൽപ്പിക്കേണ്ട ഒരു അധാർമ്മിക പ്രസ്ഥാനത്തിന് പിന്തുണ കൊടുക്കുന്നതിൽപ്പരം പാപ്പരത്തം മറ്റെന്താണ്? ■

## പിതാവിന്റെ ഡയറി – മെയ് 2024

| | | |
|---|---|---|
| മെയ് 01 | ഗോൾഡൻ ജൂബിലി സെലിബ്രേഷൻ, ദിവ്യബലി, അങ്കമാലി | 10.30 am |
| മെയ് 04 | സ്ഥൈര്യലേപനം, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, പൊയ്യ | 9.30 am |
| | CLC camp, Vikas | |
| മെയ് 05 | തിരുനാൾ ദിവ്യബലി, സെന്റ് ജോസഫ് ചർച്ച്, മതിലകം | 5.30 pm |
| മെയ് 07 | മാമ്മോദീസ, സെന്റ് മൈക്കിൾസ് കത്തീഡ്രൽ, കോട്ടപ്പുറം | 9.00 am |
| | തിരുനാൾ ദിവ്യബലി, സെന്റ് ആന്റണീസ് ചർച്ച്, കുര്യാപ്പിള്ളി | 10.00 am |
| മെയ് 08 | തിരുനാൾ ദിവ്യബലി, സെന്റ് ആന്റണീസ് ചർച്ച്, ചെറിയപ്പിള്ളി | 5.00 pm |
| മെയ് 09 | കൊടികയറ്റം, ദിവ്യബലി, സെന്റ് മൈക്കിൾ ചർച്ച്, കാക്കനാട് | 5.00 pm |
| മെയ് 11 | Catholic Teacher's Grild State Conference, N. Paravur | 10.00 am |
| | ദിവ്യബലി, മാനാട്ടുപറമ്പ് | 5.30 pm |
| മെയ് 12 | കൃതജ്ഞതാബലി, ഡോൺ ബോസ്കോ ചർച്ച്, പറവൂർ | 8.30 am |
| | Ministry Conviners Meet, Vikas | 2.00 pm |
| മെയ് 13 | സ്ഥൈര്യലേപനം, സെന്റ് ജോസഫ്സ് ചർച്ച്, കുറുമ്പത്തുരുത്ത് | 5.00 pm |
| മെയ് 14 | തിരുനാൾ ദിവ്യബലി, സെന്റ് ആന്റണീസ് ഷ്രൈൻ, ചെട്ടിക്കാട് | 9.30 am |
| മെയ് 15 | Final Profession CTC, Kuttikkad | 5.00 pm |
| മെയ് 18 | സ്ഥൈര്യലേപനം, ലിറ്റിൽ ഫ്ളവർ, കൂട്ടുകാട് | 4.00 pm |
| മെയ് 19 | സ്ഥൈര്യലേപനം, ദിവ്യബലി, മഞ്ഞുമാത ബസിലിക്ക, പള്ളിപ്പുറം | 8.30 am |
| മെയ് 20 | സ്ഥൈര്യലേപനം, ക്രിസ്തുരാജ ചർച്ച്, കൃഷ്ണൻകോട്ട | 4.00 am |
| മെയ് 22 | അയ്യമ്പിള്ളി, ആശ്രമം, ചാപ്പൽ ആശിർവ്വാദം, ദിവ്യബലി | 4.00 pm |
| മെയ് 24 | Final Profession O'Carm Ashram, Paravur | 4.30 pm |
| മെയ് 25 | Munnar, Vijayapuram | 2.00 pm |
| മെയ് 26 | മതബോധന അധ്യയന വർഷ ഉദ്ഘാടനം, സെന്റ് മൈക്കിൾസ് കത്തീഡ്രൽ കോട്ടപ്പുറം | |
| മെയ് 30 | കാസൂസ് | |



*"കർത്താവ് ജ്ഞാനം നൽകുന്നു; അവിടുത്തെ വദനത്തിൽ നിന്ന് അറിവുംവിവേകവും പുറപ്പെടുന്നു."*

സുഭാഷിതങ്ങൾ 2 : 6

**DE PAUL INSTITUTE OF SCIENCE & TECHNOLOGY (DiST)**
Affiliated to MG University | Accredited by NAAC with 'A' Grade | Approved by AICTE




## Why DiST?

- Student Incubation Centers
- State of the art Library
- Theatre and Studio Floors
- Collaboration with Foreign Universities
- Clubs & Associations for students development
- Placement Cell for students career progression
- Media & Computer Labs with latest configuration
- Audio Visual & WiFi enabled campus

MANAGEMENT | COMPUTER SCIENCE | SOCIAL WORK | MEDIA & COMMUNICATION | COMMERCE | ENGLISH

## PG PROGRAMMES

- MCA
- INTEGRATED MCA
- M.COM FINANCE & TAXATION
- MA JMC (JOURNALISM & MASS COMMUNICATION)
- MBA
- MA HRM (HUMAN RESOURCE MANAGEMENT)
- MSW

## UG PROGRAMMES

- BBA | BCA | BSW
- B.COM COMPUTER APPLICATIONS
- B.COM FINANCE & TAXATION
- BA ENGLISH LITERATURE, COMMUNICATION & JOURNALISM
- BA MULTIMEDIA
- BA ANIMATION & VISUAL EFFECTS
- B.SC PSYCHOLOGY*
- B.SC HOTEL MANAGEMENT & CULINARY ARTS*

**ADMISSIONS OPEN FOR ACADEMIC YEAR 2024-25**

College bus facilities available
Hostel facilities available for girls and boys

Scan to Register

For more information contact us

admission@depaul.edu
online.depaul.edu.in

+91 484- 2911811
+91 9562911800
De Paul Nagar, Angamaly South
Ernakulam, Kerala - 683 573

*Subject to University Approval



# ചെറിയപ്പിള്ളി

## സെന്റ് ആന്റണീസ് തീർത്ഥാടന കേന്ദ്രത്തിൽ വിശുദ്ധ അന്തോണിസിന്റെ

# ഊട്ടുതിരുനാൾ


## 2024 മെയ് 12 ഞായർ

രാവിലെ 9.30 മുതൽ
രാത്രി 8 മണിവരെ
തുടർച്ചയായ ദിവ്യബലി,
നൊവേന, നേർച്ചസദ്യ

കൊടികയറ്റം
2024 മെയ് 8
ബുധൻ


ചൊവ്വാഴ്ചകളിൽ
രാവിലെ 6.15 നും, 10.30 നും വൈകീട്ട 6.15നും
ദിവ്യബലി, നൊവേന, ആരാധന, നേർച്ചഭക്ഷണം

അനുഗ്രഹീത സാന്നിദ്ധ്യം









ഏവർക്കും സ്വാഗതം

ഫാ. ബിജു പാലപ്പറമ്പിൽ
(വികാരി)